*12-10-2026*

*Adjournment Motion*

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ പോലീസ് നടപടി

മി. സ്പീക്കർ: തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ സെപ്തംബർ 30-ന് പോലീസും യൂത്ത് കോൺഗ്രസ് പ്രവർത്തകരും ബലമായി അതിക്രമിച്ച് കയറി തീപ്പന്തമെറിയുകയും വിദ്യർഥികളെ ക്രൂരമായി മർദിക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാത്തതും സംസ്ഥാനത്തുടനീളം വിദ്യാർഥി-യുവജന സംഘടനാ പ്രവർത്തകരെ പോലീസ് തിരഞ്ഞുപിടിച്ച് മർദിക്കുകയും ചെയ്തതായി പറയപ്പെടുന്ന സംഭവംമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ വി. ജോയി, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 30-09-2026-ന് രാത്രി 9.00

*12-10-2026*

## *Adjournment Motion*

മണിയോടെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ തിരുവനന്തപുരത്ത് നൈറ്റ് മാർച്ച് നടത്തുകയുണ്ടായി. അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തിയിട്ടുള്ള ഈ സംഭവത്തിൽ പാളയം മെൻസ് ഹോസ്റ്ററ്റിലിനുസമീപത്ത് എത്തിച്ചേർന്നപ്പോൾ ഹോസ്റ്റലിന് അകത്തുനിന്നും കൂക്കിവിളിയും തുടർന്ന് കല്ലും ബിയർ കുപ്പികളും പ്രതിഷേധകാർക്കെതിരെ എറിയുകയുമുണ്ടായി. തുടർന്ന് യൂത്ത് കോൺഗ്രസ് പ്രവർത്തകരും ഹോസ്റ്റലിലെ എസ്.എഫ്.ഐ. പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായിട്ടുള്ളതും കല്ലും ഇഷ്ടികക്കഷ്ണങ്ങളും പന്തങ്ങളും പരസ്പരം എറിഞ്ഞ് ഇരുവിഭാഗവും തമ്മിൽ ഏറ്റുമുട്ടി സംഘർഷാവസ്ഥ സൃഷ്ടിച്ചിട്ടുള്ളതുമാണ്. തുടർന്ന് സംഘർഷം നിയന്ത്രണവിധേയമാക്കാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥരുടെ നിയമാനുസൃതമുള്ള ആജ്ഞയെ അവഗണിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകരും എസ്.എഫ്.ഐ. പ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥർക്കുനേരെ കല്ലും ബിയർ കുപ്പികളും മറ്റും എറിഞ്ഞ് ഡ്യൂട്ടി തടസ്സപ്പെടുത്തിയിട്ടുള്ളതും പോലീസ് ഉദ്യോഗസ്ഥരുടെ ലാത്തിയും മറ്റും ചവിട്ടിയൊടിച്ച് പൊതുമുതൽ നശിപ്പിച്ചിട്ടുള്ളതുമാണ്. ഈ സംഭവത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കുപറ്റിയിട്ടുണ്ട്. ഈ

*Adjournment Motion*

സംഭവവുമായി ബന്ധപ്പെട്ട് എഴുപത്തിയഞ്ചോളം എസ്.എഫ്.ഐ. പ്രവർത്തകരെ പ്രതിചേർത്ത് ക്രൈം 1368/2026 ആയി മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ, ഈ വിഷയവുമായി ബന്ധപ്പെട്ട് Section 189(2), 191(2), 191(3), 190, 285, 132, BNS Section 39, Section 121, KP Act; Section 3(2)(e) PDPP Act; Kerala Public Ways (Restriction of Assemblies and Processions) Act എന്നീ വകുപ്പുകൾ പ്രകാരം എഴുപത്തിയഞ്ചോളം യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കുനേരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 1367/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മേൽ കേസ്സുകളിലേക്ക് ഇരുവിഭാഗത്തിലും ഉൾപ്പെട്ട നാലുപേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തുടർന്ന് ഈ സംഭവങ്ങളുമായുണ്ടായ വിവിധ പ്രതിഷേധ പരിപാടികളുമായി ബന്ധപ്പെട്ട് മേൽ കേസ്സുകൾക്കുപുറമെ കന്റോൺമെന്റ്, മെഡിക്കൽ കോളേജ്, പേട്ട പോലീസ് സ്റ്റേഷനുകളിലായി എട്ട് കേസ്സുകൾകൂടി പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് ഡൽഹിയിൽ നടന്ന സമരങ്ങളെ പിന്തുണച്ചുകൊണ്ട്

*Adjournment Motion*

പാലക്കാട്, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ പ്രതിഷേധങ്ങളുണ്ടാകുകയും പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്.

ശ്രീ. വി. ജോയി: സർ, കേരള ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത വിധത്തിൽ ഭരണപക്ഷവും പോലീസും ചേർന്ന് ഒരു സർവകലാശാലാ ഹോസ്റ്റലിനെ യുദ്ധക്കളമാക്കിയ സംഭവം ഈ സഭയുടെ അതീവശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നത്. തികഞ്ഞ ലാഘവത്തോടുകൂടിയാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇക്കാര്യത്തെ സമീപിച്ചതെന്ന് കാണാൻ സാധിക്കും. കഴിഞ്ഞ സെപ്തംബർ മാസം 30-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ കേരള പോലീസും യൂത്ത് കോൺഗ്രസ് പ്രവർത്തകരുംകൂടി സംയുക്തമായി നടത്തിയ ആക്രമണം ഒരു ഗവൺമെന്റ് സ്പോൺസേർഡ് പ്രവർത്തനമായിരുന്നു. ഈ ഗവൺമെന്റ് സ്പോൺസേർഡ് നരനായാട്ട് യഥാർത്ഥത്തിൽ ലോകത്തിന്റെ മുമ്പിലേക്ക് കൊണ്ടുവന്നത് കേരളത്തിലെ വാർത്താ മാധ്യമങ്ങളാണ്.

*12-10-2026*

## *Adjournment Motion*

എന്തുകൊണ്ടാണ് ഇത് സ്പോൺസേർഡ് പരിപാടി എന്ന് ഞങ്ങൾ പറയുന്നത്; സംസ്ഥാന മന്ത്രിസഭയിലെ കായിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകർ പന്തംകൊളുത്തി പ്രകടനം നടത്താൻ തീരുമാനിച്ചുവന്നത്. എത്രയോ പ്രക്ഷോഭങ്ങളും സമരങ്ങളും കണ്ട നാടാണിത്. ജനപങ്കാളിത്തം കുറവാണെങ്കിൽ ചില സമരങ്ങൾ തിരുവനന്തപുരം രക്തസാക്ഷി മണ്ഡപത്തിന് മുമ്പിൽനിന്നും ആരംഭിക്കും. എന്നാൽ ചില സമരങ്ങൾക്ക് ജനങ്ങൾ കൂടുതലുണ്ടെങ്കിൽ പാളയം ആശാൻ സ്ക്വയറിൽനിന്നുമാണ് പ്രകടനവും സമരങ്ങളും ആരംഭിക്കുന്നത്. ഇവിടെ, യൂത്ത് കോൺഗ്രസ് പ്രവർത്തകർ രക്ഷസാക്ഷി മണ്ഡപത്തിൽനിന്ന് ആരംഭിക്കാൻ തീരുമാനിച്ചിരുന്ന സമരം ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു വെളിപാട് വന്നതുപോലെയാണ് സർവകലാശാലയുടെ ഹോസ്റ്റൽ പ്രവർത്തിക്കുന്ന സ്ഥലത്തേക്ക് മാറ്റിയത്. വളരെ ബോധപൂർവമായിരുന്നു അങ്ങനെ മാറ്റിയത്. അത്തരത്തിൽ ബോധപൂർവം മാറ്റിയതിന് പോലീസിന്റെ അനുമതിയുണ്ടായിരുന്നോ എന്ന് അങ്ങ് പരിശോധിക്കണം. യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റായ ബഹുമാനപ്പെട്ട മന്ത്രി, രാവിലെ വകുപ്പുമന്ത്രിയും വൈകുന്നേരമാകുമ്പോൾ യൂത്ത്

*Adjournment Motion*

കോൺഗ്രസിന്റെ പ്രസിഡന്റുമാണ്. ആയിക്കോട്ടെ, പ്രശ്നമില്ല. ശ്രീ. അമിത്ഷായ്ക്ക് എതിരെ കൊല്ലത്ത് യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രകടനം നടത്തിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ വാഹനം തടയുന്ന സാഹചര്യത്തിലേക്ക് എത്തുകയുണ്ടായി. അതിന്റെ ഒരു വീഡിയോ ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി, അദ്ദേഹത്തിന്റെതന്നെ ഫെയ്സ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്തിരുന്നു. എങ്ങനെയാണ് അത് അപ്രത്യക്ഷമായത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മറ്റ് ഏതെങ്കിലും ആളുകളോ അതിൽ ഇടപെട്ടോ; മെറ്റയോട് പറഞ്ഞാൽ പോരായിരുന്നോ; അത് മാറ്റുമായിരുന്നല്ലോ. ബഹുമാനപ്പെട്ട മന്ത്രി, അമിത്ഷായെ തടയുന്ന ചിത്രം ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തിരുന്നത് മാറ്റി. ഇത് മാറ്റിയപ്പോൾ ബഹു. മന്ത്രിക്കൊരു നാണക്കേടുവന്നു. എന്നാൽപിന്നെ അടുത്ത പരിപാടി ആരംഭിക്കണമല്ലോ എന്ന് ആലോചിച്ചിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി പന്തംകൊളുത്താൻ തീരുമാനിച്ചത്. സംഘ്പരിവാറിന്റെ മുമ്പിൽ മുട്ടുവിറച്ച് ഫെയ്സ്ബുക്ക് പേജ് പിൻവലിച്ച ബഹുമാനപ്പെട്ട മന്ത്രി എന്നാലൊരു കാര്യം ചെയ്യാമെന്ന് വിചാരിച്ചു. ശ്രീ. ഗ്യാനേഷ് കുമാറിന് എതിരായും ശ്രീ. അമിത് ഷായ്ക്ക് എതിരായും പന്തംകൊളുത്തി പ്രകടനം നടത്താമെന്ന്

## *Adjournment Motion*

വിചാരിച്ചു. ശ്രീ. ഗ്യാനേഷ് കുമാറും ശ്രീ. അമിത് ഷായും യൂണിവേഴ്സിറ്റി ഹോസ്റ്റലിലാണോ താമസിക്കുന്നത്. യൂണിവേഴ്സിറ്റി ഹോസ്റ്റലിന്റെ മുമ്പിൽനിന്നുമാണ് യൂത്ത് കോൺഗ്രസിന്റെ പ്രകടനം ആരംഭിച്ചത്. നൂറുകണക്കിന് പന്തങ്ങൾ കൊളുത്തി....... (...ബഹളം...) എന്നെ സംസാരിക്കാൻ അനുവദിക്കണം.

<u>മി. സ്പീക്കർ</u>: യെസ്... യെസ്....

<u>ശ്രീ. വി. ജോയി</u>: സർ, നാന്നൂറോളം വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലിന്റെ മുമ്പിൽവച്ചാണ് പന്തം കൊളുത്തി പ്രകടനം ആരംഭിക്കുന്നത്. ആ സമയത്ത് വൈദ്യുതി കട്ട്/ഇന്ദിര കട്ട് വന്നു. സ്വാഭാവികമായും കുട്ടികൾ കൂകിവിളിച്ചു. കുട്ടികളാകുമ്പോൾ കൂകില്ലേ; ബഹളമുണ്ടാക്കില്ലേ; നമ്മളെല്ലാവരും കൂകിയിട്ടുണ്ട്. കൂകിയില്ലെങ്കിൽ കുട്ടികളാകുമോ. വൈദ്യുതി പോയപ്പോൾ കൂകിയതിന് ബഹളമായി. അങ്ങ് പറഞ്ഞത്, ബിയർ കുപ്പിയെറിഞ്ഞെന്നാണ്. ആരാണ് ബിയർ കുപ്പിയെറിഞ്ഞത്? പോലീസ് നിഷ്പക്ഷമായി അന്വേഷിച്ചാൽ ഇടുപ്പിൽനിന്ന് ബിയർ കുപ്പിയെടുത്ത് എറിഞ്ഞത് ആരെന്ന് അങ്ങേക്ക് മനസ്സിലാകും. അങ്ങനെ ബിയർ കുപ്പിയും കല്ലും കൂടാതെ ഏറ്റവും അവസാനം കത്തിച്ച മുഴുവൻ പന്തവും യുണിവേഴ്സിറ്റി

Adjournment Motion

ഹോസ്റ്റലിലേക്ക് വലിച്ചെറിഞ്ഞു. അവിടെ കാട്ടുപിടിച്ച് കിടക്കുകയായിരുന്നു. അവിടം ഒരു തീ ഗോളമായി മാറി. സമയോചിതമായി ഫയർഫോഴ്സ് എത്തിയതുകൊണ്ടാണ് തീ അണയ്ക്കാൻ സാധിച്ചത്. ഇല്ലെങ്കിൽ കുട്ടികൾ വെന്തുമരിക്കുന്ന ഒരു സാഹചര്യം അവിടെ സംജാതമാകുമായിരുന്നു. ഒരു ഭാഗത്ത് യൂത്ത് കോൺഗ്രസ്സിന്റെ ഗുണ്ടകൾ, മറുഭാഗത്ത് സായുധ പോലീസ്, ഇരുവിഭാഗവും ചേർന്ന് കുട്ടികളെ മൃഗീയമായി മർദ്ദിക്കുന്ന സാഹചര്യമാണുണ്ടായത്. ഏതെങ്കിലും വിധത്തിൽ ആ പ്രശ്നം അവസാനിപ്പിക്കുന്നതിന് പോലീസിലെ ചില ഉദ്യോഗസ്ഥർ എസ്.എഫ്.ഐ.-യുടെ സംസ്ഥാന സെക്രട്ടറിയെ വിളിച്ചുവരുത്തി. എന്നാൽ അദ്ദേഹം അവിടെയെത്തി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ എത്ര മൃഗീയമായാണ് അദ്ദേഹത്തെ അടിച്ചത്. എത്ര തവണയാണ് അടിച്ചത്? ഈ സംഭവം ടെലിവിഷനിൽ കണ്ടാണ് ഞാൻ ആ സ്ഥലത്തേക്ക് പോയത്. അവിടെ ചെന്നപ്പോൾ വളരെ ഭയാനകമായ കാഴ്ചയായിരുന്നു കാണാൻ സാധിച്ചത്. വളരെ പ്രയാസപ്പെട്ട് ഞാൻ ആ ഗേറ്റ് തള്ളിത്തുറന്ന് അകത്തുചെല്ലുമ്പോൾ ഒരു പറ്റം സായുധ പോലീസ്, അവർക്ക് നേതൃത്വം നൽകുന്നത് കന്റോൺമെന്റ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറായ

*Adjournment Motion*

ശ്രീ. ഗോകുലാണ്. ഞാൻ അകത്തേക്ക് ചെന്നപ്പോൾ ശ്രീ. ഗോകുൽ വിയർത്തുകുളിച്ച് ഇറങ്ങിവരികയാണ്. ഫയർഫോഴ്സ് വെള്ളമൊഴിച്ചപ്പോൾ ഇയാളുടെ ദേഹത്ത് തെറിച്ചതായിരിക്കുമെന്നാണ് ഞാൻ കരുതിയത്. കയ്യിൽ ലാത്തിയില്ല, ഹെൽമറ്റുണ്ട്. അകത്തുചെന്നപ്പോഴാണ് അവിടുത്തെ ഭീകരമായ സാഹചര്യം മനസ്സിലാക്കുന്നത്. പോലീസ് സബ് ഇൻസ്പെക്ടറായ ശ്രീ. ഗോകുലാണ് 34 സെക്കൻഡുകൊണ്ട് 26 അടിയടിച്ച് ആറ് വിദ്യാർത്ഥികളുടെ തലയടിച്ചുപൊട്ടിച്ചത്. ഈ പോലീസ് ഓഫീസറെ സംരക്ഷിക്കുന്ന സമീപനമാണ് ഭരണപക്ഷം സ്വീകരിച്ചത്. പന്തം എറിഞ്ഞാൽ അടിക്കുമോ; പന്തം എറിഞ്ഞ് പ്രശ്നമുണ്ടായാൽ ഇങ്ങനെ ഉപദ്രവിക്കാമോ? അദ്ദേഹം പറഞ്ഞത്, എസ്.എഫ്.ഐ. വിദ്യാർത്ഥികളെയാണ് മർദിച്ചതെന്നാണ്. യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികളും താമസിക്കുന്നില്ലേ; (....ബഹളം....) അവരുടെ പേരിൽ ഏതെങ്കിലും ക്രിമിനൽ കേസ്സുണ്ടോ; ഒരു കേസ്സുമില്ല. ഒരു ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിലാണ് ഈ സംഭവം നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ ആരെങ്കിലും അവിടെനിന്ന് നിയന്ത്രിച്ചിരുന്നെങ്കിൽ ഇത്രയും ഗുരുതരമായ സാഹചര്യം ഉണ്ടാകുമായിരുന്നോ? ഈ

*Adjournment Motion*

പ്രശ്നമുണ്ടായപ്പോൾത്തന്നെ അവർ തിരികെ പോകുകയാണുണ്ടായത്. മാധ്യമങ്ങളുള്ളതുകൊണ്ടാണ് ഇക്കാര്യം പുറംലോകം അറിഞ്ഞത്. മാധ്യമപ്രവർത്തകർക്കും ധാരാളം മർദനമേറ്റു. ഈ വാർത്ത അറിഞ്ഞ് ഞങ്ങൾ അടക്കമുള്ള പ്രവർത്തകരും പ്രതിപക്ഷനേതാവും മുൻ മന്ത്രിമാരും അവിടേയ്ക്കെത്തുകയും വിദ്യാർഥികളെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രത്യേകം ആംബുലൻസ് വിളിച്ചു. ആ ആംബുലൻസിനെ യൂത്ത് കോൺഗ്രസ്സുകാർ നേരിട്ടത്.... എത്രയോ യൂത്ത് കോൺഗ്രസ് നേതാക്കൾ ഈ സഭയിലുണ്ട്. ആ ആംബുലൻസിനെ തടഞ്ഞുനിർത്തി അതിനുള്ളിൽ കയറി വിദ്യാർഥികളെ മർദിക്കാൻ ശ്രമിക്കുകയാണുണ്ടായത്. ആ സമയത്താണ് എ.ഡി.ജി.പി. (ലാ ആൻഡ് ഓർഡർ) അവിടെ വരുന്നത്. ഈ കാണിക്കുന്നത് ക്രൂരതയാണെന്നും ഈ പ്രശ്നത്തിൽ ഇടപെടണമെന്നും അദ്ദേഹത്തോട് ഞങ്ങൾ പറഞ്ഞു. എന്നാൽ ആരും അതിൽ ഇടപെട്ടില്ല. അവസാനം യൂണിവേഴ്സിറ്റി കോളേജിന്റെ സമീപത്തുണ്ടായിരുന്ന ഇരുപത്തഞ്ചോളം വിദ്യാർഥികൾ കൂകിവിളിച്ച് ഓടിവന്നപ്പോഴാണ് ആ വാഹനം വിട്ടുകൊടുക്കാൻ തയ്യാറായത്. കന്റോൺമെന്റ് സ്റ്റേഷനിലെ

*Adjournment Motion*

എസ്.ഐ.-യെയും സി.ഐ.-യെയും എന്തിനാണ് അങ്ങ് സംരക്ഷിക്കുന്നത്? കന്റോൺമെന്റ് സ്റ്റേഷനിലെ എസ്.ഐ. ഒരു പോസ്റ്റ് ചെയ്തതും ഫോൺ വിളിച്ചതും അങ്ങ് ശ്രദ്ധിച്ചോ; അതിൽ എന്താണ് പറയുന്നത്; "എന്റെ വീട്ടിലേക്ക് വന്നാൽ, നീ ഇരിക്കുന്ന സ്ഥലം എനിക്ക് അറിയാം, നിന്നെ ഞാൻ അവിടെ കയറി ചവിട്ടിക്കൂട്ടി എടുത്തുകൊണ്ടുപോകും" എന്നാണ്. ഇപ്പോൾ എന്താണ് അത് ചെയ്യാത്തത്? പോലീസ് മാനുവലിന് വിരുദ്ധമായി ആ സബ് ഇൻസ്പെക്ടർ ഒരു കാര്യം പറഞ്ഞതുകൊണ്ടാണ്. (...ബഹളം...) ശ്രീ. എം. വിൻസെന്റ് ദയവായി മിണ്ടാതിരിക്കൂ.

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ച് അൽപം സാവകാശം ഞാനെടുക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. ആശുപത്രിയിലായിരുന്നപ്പോഴും പരാതിക്കാരെ കേൾക്കാൻ തയ്യാറായെന്ന ഒരു നല്ല കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ചെയ്തു. എസ്.എഫ്.ഐ. നേതാക്കൾ നൽകിയ പരാതി വാങ്ങാൻ തയ്യാറായി. അതിന്റെ അടിസ്ഥാനത്തിൽ ഈ പരാതി പരിശോധിക്കട്ടെയെന്നും അൽപം സാവകാശം വേണമെന്നും ഒരു പക്ഷെ അദ്ദേഹം പറഞ്ഞുകാണും. പോലീസിലെ ഏറ്റവും താഴ്ന്ന റാങ്കിലുള്ള ഒരു പോലീസ് ഓഫീസർ

ഇങ്ങനെയാണ് ഫോൺവഴി പറയുന്നത്. അങ്ങനെ പറഞ്ഞശേഷം അങ്ങ് എന്ത് നടപടിയാണ് ഈ സബ് ഇൻസ്പെക്ടർക്കെതിരെ സ്വീകരിച്ചത്? അയാൾക്ക് പുല്ലുവിലയാണ്. എന്നാൽ സർക്കിൾ ഇൻസ്പെക്ടർ ഒരു പോസ്റ്റ് ചെയ്തത് 'ഡാഷിൽ ജനിച്ചവനല്ല; തീയിൽ കുരുത്തവനാണ് ഞാനെന്നാണ്.' 'ഡാഷ് എന്ന പദം ഇവിടെ എല്ലാവരും ഇരിക്കുന്നതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷെ ആ 'ഡാഷ്' തിന്നിട്ടുണ്ട്. തിണ്ണ നിരങ്ങി വന്നിട്ടുണ്ട്. ഇപ്പുറത്തിരിക്കുന്നവരുടെ തിണ്ണ നിരങ്ങിയിട്ടുണ്ട്. ഇപ്പോൾ അപ്പുറത്തിരിക്കുന്നവരുടെ തിണ്ണ നിരങ്ങുകയാണ്. അവരുടെ ഉച്ഛിഷ്ടം...... (....ബഹളം...) പലപ്പോഴും തിണ്ണ നിരങ്ങിയിട്ടുണ്ട്. ഇവിടെ ചെയ്യാത്തതുകൊണ്ടാണ് ഇപ്പോൾ നിങ്ങളുടെ മുമ്പിൽവന്ന് തിണ്ണ നിരങ്ങുന്നത്. അങ്ങനെ തിണ്ണ നിരങ്ങിയതിന്റെ ഭാഗമായാണ്......

<u>മി. സ്പീക്കർ</u>: ശ്രീ. വി. ജോയി... പ്ലീസ്..

<u>ശ്രീ. വി. ജോയി</u>: സർ, പോലീസ് ഗുണ്ടകൾക്ക് ഇത്രയധികം അധികാരം നൽകുന്നതിന് എന്ത് ന്യായമാണുള്ളത്? (....ബഹളം...) പ്രത്യേകിച്ച് കന്റോൺമെന്റ് സ്റ്റേഷൻ വളരെ നിർണ്ണായകമായ ഒരു സ്റ്റേഷനാണ്. അവധാനതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ

സാധിക്കുന്ന പോലീസുകാരെയാണ് സാധാരണ നിലയിൽ അവിടെ നിയമിക്കാറുള്ളത്. അങ്ങനെ നിയമിക്കേണ്ടിടത്ത് പോലീസിലെ രണ്ട് പക്കാ ക്രിമിനലുകളെ, ഗുണ്ടകളെയാണ് അവിടെ പോലീസ് ഓഫീസർമാരായി നിയോഗിച്ച്....... (....ബഹളം...)

മി. സ്പീക്കർ: ശ്രീ. വി. ജോയി, പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. ജോയി: സർ, മുഖ്യമന്ത്രിയെ തടഞ്ഞിട്ടല്ല വിദ്യാർഥികളെ അടിക്കാൻ പോയത്. അത് ആദ്യം മനസ്സിലാക്കണം. മുഖ്യമന്ത്രിയെ തടഞ്ഞവരെ വിളിച്ച് ഉമ്മ കൊടുത്തവരാണ് ഭരണപക്ഷം. എന്താണ് നിങ്ങൾ പറയുന്നത്. ആവശ്യമില്ലാത്ത കാര്യമാണ് നിങ്ങൾ പറയുന്നത്. ഇവിടെ സ്വാഭാവികമായി അങ്ങ് ഇക്കാര്യത്തിൽ ഇടപെടേണ്ട സാഹചര്യം കടന്നിരിക്കുകയാണ്. വിദ്യാർഥികളുടെ തലയ്ക്കടിച്ച് ഇത്രയധികം ഉപദ്രവിച്ച രണ്ട് പോലീസ് ഉദ്യോഗസ്ഥരാണിവർ. ആറ് വിദ്യാർഥികളെ തലയ്ക്കടിയേറ്റാണ് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. ഇത് കണ്ടോ, (ചിത്രം ഉയർത്തികാണിച്ചു.) വിദ്യാർഥികളോട് ഇങ്ങനെയാണോ ക്രൂരത കാണിക്കുന്നത്. (....ബഹളം.....)

മി. സ്പീക്കർ: ശ്രീ. വി. ജോയി... പ്ലീസ്..

## *Adjournment Motion*

<u>ശ്രീ. വി. ജോയി</u>: സർ, അവസാനിപ്പിക്കാം. നിങ്ങൾക്കും കുട്ടികളുണ്ട്. കേരളത്തിൽ മുഴുവനും ഇത് ആവർത്തിക്കുകയാണ്. പാലക്കാട് ജില്ലയിൽ 7440 നമ്പറുള്ള പോലീസ് ഉദ്യോഗസ്ഥൻ മദ്യപിച്ച് വിദ്യാർഥികളെയും യുവജനങ്ങളെയും അടിക്കുകയാണുണ്ടായത്. ഇന്നലെ പത്തനംതിട്ടയിൽ ആശുപത്രിയ്ക്കകത്ത് കയറിയാണ് അടിച്ചത്. എന്ത് മോശത്തരവും കാണിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഈ പോലീസുദ്യോഗസ്ഥരെ നിലയ്ക്കുനിർത്തുകയും അങ്ങ് കൃത്യമായി ഇക്കാര്യത്തിൽ ഇടപെടുകയും നടപടി സ്വീകരിക്കുകയും വേണം. നമുക്കെല്ലാവർക്കും കുട്ടികളുണ്ട്. കുട്ടികളുടെ തലയ്ക്കടിച്ചാൽ അവരുടെ ഭാവി എന്താകുമെന്നതിനെ സംബന്ധിച്ച് നിങ്ങൾ മനസ്സിലാക്കണം.

പോലീസുദ്യോഗസ്ഥൻ മർദിച്ച ലാത്തിയുടെ ഭാഗമാണിത്. (ലാത്തിയുടെ കഷ്ണം ഉയർത്തിക്കാണിച്ചു.) ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്ഥാനത്ത് നടക്കുന്നത് മര്യാദകേടാണ്. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. (....ബഹളം.......)

*12-10-2026*

*Adjournment Motion*

മി. സ്പീക്കർ: യെസ്... പ്ലീസ്... ഇവിടെ കാണിച്ച ബാറ്റൻ വാച്ച് ആൻഡ് വാർഡിന് കൈമാറുക. അത് ചെയർ പരിശോധിച്ചോളാം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. ഗ്യാനേഷ് കുമാറിന് എതിരായിട്ടുള്ള സമരമാണ് യൂത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടത്തിയത്. ശ്രീ. ഗ്യാനേഷ് കുമാറിനെ ഉപയോഗിച്ചുകൊണ്ട് ജനാധിപത്യത്തെ തകർക്കുന്ന ബി.ജെ.പി.യുടെ നയത്തിനെതിരായി ഇന്ത്യയിലുടനീളം ജനങ്ങളും ചെറുപ്പക്കാരും അണിനിരക്കുന്ന വമ്പിച്ച പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ശ്രീ. ഒ. ജെ. ജനീഷ് കേരളത്തിലെ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് മാത്രമാണെന്ന മട്ടിലാണ് നിങ്ങളുടെ പ്രവർത്തനമുണ്ടായത്. നൈറ്റ് മാർച്ച് നടത്തിയ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കുനേരെ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ നിന്നും എന്തിനാണ് നിങ്ങളുടെ നേതൃത്വത്തിൽ ബിയർ ബോട്ടിൽ എറിഞ്ഞത്; ബഹുമാനപ്പെട്ട വി. ജോയി എം.എൽ.എ. യൂണിവേഴ്സിറ്റി കോളേജിനെക്കുറിച്ചും യൂണിവേഴ്സിറ്റി ഹോസ്റ്റലിനെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം

12-10-2026

## Adjournment Motion

യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ തമ്മിലടിച്ച കാര്യം കേരളത്തിലെ ജനങ്ങൾക്കറിയാം. തമ്മിലടിച്ചതും കുത്തിയതുമെല്ലാം എന്തിനാണ്; എസ്.എഫ്.ഐ.-യുടെ യൂണിറ്റ് കമ്മിറ്റി പിരിച്ചുവിട്ടതിന്റെ കാരണമെന്താണ്? തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ ബഹുഭൂരിപക്ഷവും താമസിക്കുന്നത് അവിടെ പഠിക്കുന്ന കുട്ടികളല്ല. വർഷങ്ങളായി അവിടെ താമസിക്കുന്നതാരാണെന്നൊക്കെ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പരിശോധിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അത് പരിശോധിക്കട്ടെ. ശ്രീ. ഗ്യാനേഷ് കുമാറിന് എതിരായ സമരത്തെ നിങ്ങളെന്തിനാണ് എതിർക്കുന്നത്; അതെനിക്ക് മനസ്സിലാകുന്നില്ല. ശ്രീ. ഗ്യാനേഷ് കുമാർ രാജി വയ്ക്കണമെന്നാവശ്യപ്പെടുന്ന സമരത്തിനുനേരെ നിങ്ങളെന്തിനാണ് എതിർപ്പ് പ്രകടിപ്പിക്കുന്നത്? ആ എതിർപ്പാണ് ഇവിടെ പ്രശ്നമുണ്ടാക്കിയത്. യൂണിവേഴ്സിറ്റി കോളേജിന്റെ മുന്നിൽ നിന്നാണോ ആശാൻ സ്ക്വയറിന്റെ ഭാഗത്തുനിന്നാണോ മ്യൂസിയം ജംഗ്ഷനിൽ നിന്നാണോ സമരം ആരംഭിക്കേണ്ടതെന്ന് സമരം ചെയ്യുന്ന ആളുകളാണ് തീരുമാനിക്കുന്നത്. എസ്.എഫ്.ഐ. പ്രവർത്തകർ സമരം ചെയ്തിട്ടില്ലേ; മ്യൂസിയത്തിന് മുന്നിൽ നിന്നും സ്റ്റാച്യൂ ഭാഗത്തുനിന്നും സമരം

*Adjournment Motion*

ആരംഭിച്ചിട്ടില്ലേ? പ്രധാനപ്പെട്ട കാര്യം, ഈ സമരത്തിനുനേരെ കൂക്കുവിളിക്കുകയും ബിയർ ബോട്ടിലും കല്ലുകളുമെറിയുകയും ചെയ്തത് എന്തിനുവേണ്ടിയാണ്. ഈ സമരത്തോട് അനുഭാവം പ്രകടിപ്പിക്കാൻ ബാധ്യസ്ഥമായ എസ്.എഫ്.ഐ. പ്രസ്ഥാനത്തിന്റെ പ്രവർത്തകർ അവരുടെ നേതാക്കന്മാരുടെ നേതൃത്വത്തിലാണ് ഈ പ്രകടത്തിനുനേരെ കല്ലെറിഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഒ. ജെ. ജനീഷ് യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റ് കൂടിയാണ്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഞാൻ മന്ത്രിസഭാംഗവും യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റുമായിരുന്നു. അതെല്ലാം കേരളത്തിലുണ്ടായിട്ടുള്ള കാര്യങ്ങളാണ്. ശ്രീ. ഒ. ജെ. ജനീഷ് എന്തോ മഹാ അബദ്ധം ചെയ്തു മട്ടിലാണ് നിങ്ങൾ സംസാരിക്കുന്നത്. ശ്രീ. ഗ്യാനേഷ് കുമാറിന് എതിരായുള്ള സമരത്തിൽ പങ്കെടുക്കാൻ യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റെന്ന നിലയിൽ ബഹു. മന്ത്രി ശ്രീ. ഒ. ജെ. ജനീഷ് ഇന്ന് ഡൽഹിയിൽ പോയിരിക്കുകയാണ്. അതിനെന്താണ് തെറ്റ്? ശ്രീ. വി. ജോയി തന്നെ ഇന്നത്തെ അടിയന്തരപ്രമേയം അവതരിപ്പിച്ചതിൽ വളരെ സന്തോഷമുണ്ട്. പോലീസ് ആക്രമണത്തിനെതിരായി ഒന്നാം തീയതി ശ്രീ.

*Adjournment Motion*

വി. ജോയിയുടെയും ശ്രീ. കടകംപള്ളി സുരേന്ദ്രന്റെയും നേതൃത്വത്തിൽ നടത്തിയ സമരത്തിൽ.... ശ്രീ. വി. ജോയി അത്തരത്തിൽ ഒരിക്കലും പറയാൻ പാടില്ലായിരുന്നു. എനിക്ക് വളരെ ഇഷ്ടമുള്ള ഒരു അംഗമാണ് താങ്കൾ. മുമ്പ് രണ്ട് തവണ എം.എൽ.എ. ആയിരുന്ന വ്യക്തിയാണ്.

ശ്രീ. വി. ജോയി: സർ, (മൈക്ക് ഓഫ്)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ സംസാരിച്ച് കഴിഞ്ഞശേഷം അങ്ങേക്ക് സംസാരിക്കാം. ഞാനിരിക്കാം.. ഇതൊന്ന് പൂർത്തിയാക്കട്ടെ..

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ സാവകാശം കൊടുക്കണം. ശ്രീ. വി. ജോയി പ്ലീസ്..

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. വി. ജോയി പാർട്ടിയുടെ ജില്ലാ സെക്രട്ടറിയാണ്. ഇപ്പോൾ മൂന്നാമത്തെ തവണ എം.എൽ.എ.-യാകുന്ന വ്യക്തി കൂടിയാണ്. കന്റോൺമെന്റ് പൊലീസ് സ്റ്റേഷൻ മാർച്ചിനോടനുബന്ധിച്ച് അദ്ദേഹം സൂചിപ്പിച്ചതെന്താണ്? പൊലീസുകാരെ വധിക്കുമെന്നും ഇവിടെയൊരു കൊലപാതകം നടക്കുമെന്നുമാണ്. ആരെ കൊല്ലുമെന്നാണ് പറഞ്ഞത്? എന്റെ കയ്യിൽ അതുസംബന്ധിച്ച രേഖകളുണ്ട്. ഒരു കൊലപാതകംകൂടി ഇവിടെ നടക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്.

## *Adjournment Motion*

അതിനെയും കടന്നുള്ള പ്രസ്താവനയായിരുന്നു ശ്രീ. കടകംപള്ളി സുരേന്ദ്രന്റേത്.. വൈകുന്നേരം തിരിച്ച് വീട്ടിൽ പോയി നിങ്ങൾക്ക് മക്കളെ കാണാൻ കഴിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ സംസ്ഥാനത്തെ മന്ത്രിയായിരുന്ന ഒരു വ്യക്തിയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയൻ പത്ത് വർഷം ഇവിടെ ഭരിച്ചപ്പോഴുണ്ടായിരുന്ന പൊലീസ് തന്നെയാണ് ഇപ്പോഴുമുള്ളത്. അല്ലാതെ  തമിഴ്നാട് നിന്നും ഒരൊറ്റ പൊലീസുകാരെയും ഞാൻ ഇവിടെ കൊണ്ടുവന്നിട്ടില്ല. മാത്രമല്ല ഈ അഞ്ച് മാസം കൊണ്ട് ഞങ്ങൾ  അവർക്ക് പ്രത്യേകം നിർദേശങ്ങളോ ട്രെയിനിങ്ങോ ഒന്നും നൽകിയിട്ടുമില്ല. പക്ഷേ ശ്രീ. വി. ജോയി നിങ്ങളത് പറയാൻ പാടില്ലായിരുന്നു. നമ്മളെല്ലാവരും പൊതുപ്രവർത്തകരാണ്. മന്ത്രിസ്ഥാനത്തോ അല്ലെങ്കിൽ  ഉത്തരവാദിത്വപ്പെട്ട മറ്റുസ്ഥാനങ്ങളിലോ ഇരിക്കുന്ന വ്യക്തികളാണ്. പോലീസ് ഉദ്യോഗസ്ഥർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്മേൽ നടപടി സ്വീകരിക്കും. പക്ഷെ അങ്ങയെപ്പോലെ ഒരാൾ നിയമം കയ്യിലെടുക്കാനും പോലീസുകാരെ കൊല്ലും എന്നൊക്കെ പറയുന്നത്

## *Adjournment Motion*

ഒരിക്കലും ശരിയായ നടപടിയല്ല. ഈ സഭയിലെങ്കിലും അങ്ങതിന് മാപ്പ് പറയണം.

<u>ശ്രീ. വി. ജോയി:</u> സർ, അങ്ങ് തികച്ചും വാസ്തവവിരുദ്ധവും സത്യസന്ധ..... സത്യസന്ധമല്ലാത്തതുമായ ഒരു നിലപാടാണ് അങ്ങിവിടെ സ്വീകരിച്ചിട്ടുള്ളത്. സത്യസന്ധമല്ലാത്ത നിലപാട്.... അതിന് മറ്റൊരു വാക്കുണ്ട്. അതിവിടെ ഉപയോഗിക്കുന്നില്ല. അതുകൊണ്ടാണ് പ്രത്യേകമായി സത്യസന്ധമല്ല എന്ന് പറയുന്നത്. ഇക്കാര്യത്തിൽ ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്. ഏതെങ്കിലുമൊരു സാഹചര്യത്തിൽ ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ പേരെടുത്ത് പറഞ്ഞ് കൊല്ലുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ എം.എൽ.എ. സ്ഥാനം രാജി വയ്ക്കാൻ തയ്യാറാണ്. തിരിച്ച് അങ്ങ് അതിന് തയ്യാറാണോ? ഇല്ല. ഞാൻ എന്താണോ പറഞ്ഞത് അക്കാര്യത്തിൽ ഞാൻ ഉറച്ചുനിൽക്കും. പൊലീസ് ഉദ്യോഗസ്ഥർ ഇങ്ങനെ ലാത്തി ഉപയോഗിച്ച് തലയ്ക്കടിച്ചാൽ കുട്ടികൾ കൊല്ലപ്പെടാൻ സാധ്യതയുണ്ട്. ഒരു കൊലപാതകം നടക്കാൻ സാധ്യതയുണ്ടെന്നാണ് പറഞ്ഞത്. അല്ലാതെ അങ്ങ് ഉദ്ദേശിക്കുന്നതുപോലെ പറഞ്ഞിട്ടില്ല. പറഞ്ഞിട്ടുണ്ടെങ്കിൽ എന്തുകാര്യമായാലും അതിൽ ഉറച്ചുനിൽക്കുകയും ചെയ്യും.

*12-10-2026*

*Adjournment Motion*

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. വി. ജോയിക്ക് കള്ളം പറഞ്ഞ് ശീലമില്ലാത്തത് കൊണ്ടായിരിക്കും ആദ്യം പ്രസംഗം ആരംഭിച്ചപ്പോൾ തന്നെ ‘ സത്യസന്ധമായി’ ... എന്ന വാക്കുതന്നെ അദ്ദേഹം പറഞ്ഞത്. അങ്ങത് അംഗീകരിച്ചല്ലോ, അനുമതി. അർദ്ധരാത്രി ജോലി കഴിഞ്ഞ് വീട്ടിൽ പോയി കുഞ്ഞുങ്ങളെ കാണാനും താലോലിക്കാനും കഴിയാത്ത രീതിയിൽ കന്റോൺമെന്റ് സി.ഐ.-യെയും എസ്.ഐ.-യെയും ഇല്ലാതാക്കിക്കളയുമെന്നാണ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത്. ഇതെല്ലാം ചാനലുകളിൽ വന്ന വാർത്തകളാണ്(ബഹളം). ഇവിടെ ലാത്തി ചാർജ്ജിനെക്കുറിച്ച് പറയുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ നവകേരള യാത്രയിൽ രക്ഷാ പ്രവർത്തനത്തിന്റെ പേരിൽ നിങ്ങൾ എത്ര യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ തല തല്ലിപ്പൊട്ടിച്ചിട്ടുണ്ട്? ശ്രീ. എ. ഡി. തോമസ് എം.എൽ.എ. ഇവിടെയുണ്ട്. രക്ഷാപ്രവർത്തനത്തിന്റെ പേരിൽ ആലപ്പുഴയിൽ വച്ച് ഭീകരമായ മർദ്ദനേറ്റ വ്യക്തിയാണദ്ദേഹം. ഇതിനുമുമ്പ് കേരളത്തിൽ എത്രയോ തവണ ലാത്തിചാർജ്ജ് നടന്നിട്ടുണ്ട്. ലാത്തിചാർജ്ജ് നടത്തി ഒരു എസ്.ഐ.-യുടെയും പൊലീസ്

ഉദ്യോഗസ്ഥന്റെയും വീട്ടിലേക്ക് ഞങ്ങൾ ജാഥ നടത്തിയിട്ടില്ല. ആരെയും കൊല്ലുമെന്ന് പറഞ്ഞിട്ടില്ല. അതിനെല്ലാം കാരണമുണ്ട്. അവിടെയെല്ലാം പൊലീസ് ഉദ്യോഗസ്ഥർക്ക് നേരെയല്ല, പകരം സർക്കാരിനെരെയാണ് സമരം ചെയ്തിരുന്നത്. ലാത്തിയും പിടിച്ചുനിൽക്കുന്ന പാവപ്പെട്ട പൊലീസ് ഉദ്യോഗസ്ഥനെ ആക്രമിക്കുകയും തല അടിച്ച് പൊട്ടിക്കുകയും ചെയ്തശേഷം അവരുടെ ലാത്തി പോലും പിടിച്ചുവാങ്ങി ബഹുമാനപ്പെട്ട വി. ജോയിയെ പോലുള്ള വ്യക്തികൾ സഭയിൽ കൊണ്ടുവന്നിരിക്കുകയാണ്.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം സഭയിൽ കാണിച്ച ലാത്തി വാച്ച് ആൻഡ് വാർഡ് വിഭാഗം ജീവനക്കാർക്ക് കൈമാറിയിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>:സർ, പൊലീസുകാർ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. പാവപ്പെട്ട ഒരു പൊലീസുകാരൻ ലാത്തിയുമായി നിൽക്കുന്നു, ആ ഉദ്യോഗസ്ഥന്റെ വീട്ടിലോട്ടും പ്രകടനമാണ്. ഇതൊക്കെ ഏത് കാലത്ത് നടക്കുന്നത്? എൽ.ഡി.എഫ് സർക്കാർ പത്ത് വർഷം ഇവിടെ ഭരിച്ചു. എത്രയോ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ തല അടിച്ചുപൊട്ടിച്ചിട്ടുണ്ട്. എത്രയോ കെ.എസ്.യു. പ്രവർത്തകരെ മർദിച്ചു. ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ വീട്ടിലേക്കും ഞങ്ങൾ ജാഥ നടത്തിയിട്ടില്ല.

*Adjournment Motion*

അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗൺമാൻ ഉൾപ്പെടെയുള്ളവർ പ്രവർത്തകരെ അടിച്ചു. ആ ഗൺമാന്റെ വീട്ടിലേക്ക് ഞങ്ങൾ ജാഥ നടത്തുകയോ അദ്ദേഹത്തെ കൊല്ലുമെന്ന് പറയുകയോ ചെയ്തിട്ടില്ല. ഞങ്ങളാരും ഭീഷണിപ്രസംഗം നടത്തിയിട്ടില്ല. നിയമപരമായി കാര്യങ്ങൾ മുന്നോട്ട് നീക്കുകയാണ് ചെയ്തത്. ഞങ്ങൾ രാഷ്ട്രീയമായ പ്രതിരോധം തീർത്തു. നിങ്ങളുടെ ഈ നടപടി ശരിയല്ല. ബഹു. സ്പീക്കറും ആഭ്യന്തരമന്ത്രിയായിരുന്ന വ്യക്തിയാണ്. ഒരു പൊലീസ് ഉദ്യോഗസ്ഥൻ ലാത്തിചാർജ്ജ് നടത്തിയെന്ന പേരിൽ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ആരെങ്കിലും ജാഥ നടത്തിയതായി അറിവുണ്ടോ; കുഞ്ഞിനെക്കാണിക്കില്ലെന്നും അമ്മയെ കാണിക്കില്ലെന്നും പറയുമോ; അത് ശരിയാണോ? നിങ്ങളുടെ ഇത്തരം നടപടിയൊന്നും ശരിയല്ല. പൊലീസ് തല തല്ലിപ്പൊളിക്കുന്നെന്ന് ശ്രീ. വി. ജോയി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരള പോലീസ് ആക്റ്റിലുള്ള ഒരു കാര്യമാണ് ആരുടെയും തലയ്ക്കടിക്കരുതെന്നത്. ഞാൻ മുമ്പ് ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത് ഇതുസംബന്ധിച്ച് കർശന നിർദേശം നൽകിയിരുന്നു. അന്നത്തെ ആ രണ്ടര വർഷക്കാലം പൊലീസ് ഉദ്യോഗസ്ഥർ ആരുടെയും തലയ്ക്കടിച്ചതായി

റിപ്പോർട്ടില്ല. എന്നാൽ എത്രയോ യൂത്ത് കോൺഗ്രസ്സ്/ കോൺഗ്രസ്സ് പ്രവർത്തകരുടെ തലതല്ലിക്കീറിയ ചരിത്രം ഞങ്ങളുടെ മുന്നിലുണ്ട്. അതൊക്കെ ആരാണ് ചെയ്തത്?

ശ്രീ. ജി. സുധാകരൻ: സർ, ആ ലാത്തി സഭയിൽ കൊണ്ടുവന്ന് പരിശോധിക്കുമോ?

മി. സ്പീക്കർ: ആ ലാത്തി നിയമസഭയിലെ ഉദ്യോഗസ്ഥർ ചോദിച്ച് വാങ്ങിയിട്ടുണ്ട്. അത് പരിശോധിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ലാത്തി മേശപ്പുറത്ത് വച്ചതാണ്.

മി. സ്പീക്കർ: മേശപ്പുറത്ത് വയ്ക്കുമ്പോൾ പൊതുസ്വത്തായി. നിയമസഭാ സ്പീക്കറുടെ ഉത്തരവുപ്രകാരം അത് വാങ്ങി അകത്ത് വയ്ക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ കൈയിൽ (പേപ്പർ ഉയർത്തികാട്ടി) wound certificate ഉണ്ട്. അത് ശ്രീ. വി. ജോയിക്ക് നൽകാം. ആരുടെ തലയോട്ടിയാണ് അടിച്ചുപൊട്ടിച്ചത്. ആരുടെയും തല അടിച്ചുപൊട്ടിച്ചിട്ടില്ലെന്ന് wound certificate പരിശോധിച്ചാൽ അറിയാം. വെറുതെ ആവശ്യമില്ലാത്ത കാര്യങ്ങളും പച്ചക്കള്ളവും പറയരുത്. ഞങ്ങൾക്ക് ആറ് മാസമെങ്കിലും നിങ്ങൾ സമയം നൽകണം. ഞങ്ങൾ

*Adjournment Motion*

അധികാരത്തിൽവന്ന്, സത്യപ്രതിജ്ഞ ചെയ്തതിന്റെ പിറ്റേ ദിവസം നിങ്ങൾ തുടങ്ങിയില്ലേ? ഇത് എന്ത് ന്യായമാണ്. ഒരു ഹണിമൂൺ പിരിയഡ് എങ്കിലും ഞങ്ങൾക്ക് തരേണ്ടതായിരുന്നു. നിങ്ങൾ തുടങ്ങുന്നതിന്റെ കാരണം എനിക്കറിയാം. അത് ഞാൻ പറയുന്നില്ല. അത് കേരളത്തിന് അറിയാം. എതെങ്കിലും സർക്കാർ അധികാരത്തിൽവന്ന് ഒരാഴ്ച കഴിയും മുമ്പ് ആരെങ്കിലും സമരവുമായി രംഗത്തിറങ്ങുമോ? പനിയായി ആശുപത്രിയിലായിരുന്നതിനാൽ അവിടെ വന്നാൽ കാണാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വി. ശിവൻകുട്ടിയോടൊപ്പം കാണാൻ വന്ന കുട്ടികളോട് എന്ത് സമരമാണെന്ന് ഞാൻ ചോദിച്ചപ്പോൾ വ്യക്തമായ മറുപടി നൽകാൻ അവർക്ക് സാധിച്ചില്ല. കാരണം പ്രത്യേക ഡിമാൻഡ് ഇല്ല. ആകെയുള്ളത് 2 പോലീസുകാർക്ക് എതിരെയുള്ള നടപടിയാണ്. അതിനെക്കുറിച്ച് പിന്നീട് പറയാം. വ്യക്തമായ ഒരു ഡിമാൻഡ് ഇല്ലാതെ കേരളത്തിൽ എസ്.എഫ്.ഐ. എത്ര സമരമാണ് ക്യാമ്പസുകളിൽ നടത്തുന്നത്. എന്തിനുവേണ്ടിയാണ് ഇത്തരം സമരങ്ങളെന്ന് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമായ അങ്ങ് ചിന്തിക്കണം. എന്തിനാണ് ഈ കുട്ടികളെ എല്ലാ ദിവസവും

തെരുവിലിറക്കുന്നതെന്ന് എനിക്ക് മനസിലാകുന്നില്ല. ഞങ്ങൾ വല്ല കുറ്റവും ചെയ്തോ; എന്തിനാണ് ഇത് ചെയ്യുന്നത്? വിദ്യാർഥികൾക്ക് ന്യായമായ ഡിമാൻഡ് ഉണ്ടെങ്കിൽ സർക്കാർ പരിശോധിക്കും. ഞാൻ വിദ്യാർഥി പ്രവർത്തകനും നേതാവുമായി വന്ന വ്യക്തിയാണ്. കുട്ടികളുടെ തലയ്ക്ക് അടിക്കരുതെന്ന് നിർബന്ധബുദ്ധിയുള്ള വ്യക്തിയാണ്. സമരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെമേൽ അനാവശ്യമായി പോലീസ് ലാത്തിചാർജ്ജ് നടത്തരുതെന്ന് അഭിപ്രായമുള്ളയാളാണ്. നിങ്ങൾ ചിന്തിക്കണം ദയവായി ഈ കുട്ടികളെ ഇറക്കിവിട്ട് അനാവശ്യ സമരങ്ങളിലേയ്ക്ക് കൊണ്ടുപോകരുത്. അത് ശരിയായ നടപടിയല്ല. ആലപ്പുഴ സംഭവം ഇവിടെ പറഞ്ഞു. ഒരു എസ്.ഐ.-യെ പരസ്യമായി ചെവികല്ലിന് അടിക്കുകയാണ്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: (മൈക്ക് ഓഫ്)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ആലപ്പുഴ പോലീസ് സ്റ്റേഷൻ വളയുകയാണ്. എന്തിനാണ് ഈ പ്രശ്നം ഉണ്ടായത്; എന്തിനാണ് പോലിസുകാരന്റെ ചെവികല്ലിന് അടിക്കുന്നതെന്ന് എനിക്ക് മനസിലാകാത്ത കാര്യമാണ്. പാലക്കാട് ഒരു പോലീസ് ഉദ്യോഗസ്ഥൻ

മദ്യപിച്ചുവെന്ന കാര്യം ശ്രീ. വി. ജോയി പറഞ്ഞു. ഞാൻ ആ വിവരം അറിഞ്ഞപ്പോൾ തന്നെ നടപടിയെടുക്കാൻ ആവശ്യപ്പെട്ടിരുന്നു. പക്ഷെ പോലീസുകാരുടെ ചെവികല്ലിന് അടിക്കുക, സമരം ചെയ്യുന്നവർ പോലീസുകാരെ ഉന്തി തള്ളി അടിയുണ്ടാക്കുക എന്നിവ ശരിയല്ല, അത് ഞങ്ങൾ അംഗീകരിക്കുന്നില്ല. ഇന്ത്യയിൽ എല്ലായിടത്തും നടക്കുന്ന ആ പ്രക്ഷോഭത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടി വ്യക്തമാണ്. ഇവിടെ സി.ജെ.പി. പാർട്ടി നടത്തിയ സമരവുമായി ബന്ധപ്പെട്ട മുഴുവൻ കേസുകളും ഞാൻ മുഖ്യമന്ത്രിയുമായി ആലോചിച്ച് പിൻവലിച്ചു. സുപ്രീം കോടതി ഉത്തരവ് വരുന്നതിനുമുമ്പ് എഫ്.ഐ.ആർ. പിൻവലിച്ച സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് നിങ്ങൾ ആലോചിക്കണം. എസ്.ഐ.ആർ.-മായി ബന്ധപ്പെട്ട സമരം തന്നെയാണ്. അനാവശ്യമായി പോലീസ് ഉദ്യോഗസ്ഥരെ മർദ്ദിക്കുകയും പ്രകോപിപ്പിക്കുകയും തലയടിച്ചു പൊട്ടിക്കുകയും കൊല്ലുമെന്ന് പറയുകയും ചെയ്യുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത് നിയമം കൈയിലെടുക്കുകയാണെന്നാണ്. സമയമുണ്ടല്ലോ, 5 വർഷത്തേയ്ക്കാണ് ഞങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നത്. ഇതെല്ലാം ഇപ്പോൾ പ്രയോഗിച്ചാൽ പിന്നെ എന്ത് ചെയ്യും? please wait,

*Adjournment Motion*

സമയമുണ്ട്. ഞങ്ങളെ ഏതായാലും ഇറക്കിവിടാൻ സാധിക്കില്ലല്ലോ. ജനങ്ങൾ ഞങ്ങൾക്ക് നൽകിയ പിന്തുണയുണ്ടല്ലോ. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. ജോയി രണ്ട് കാര്യം പറഞ്ഞു. പോലീസ് ഉദ്യോഗസ്ഥൻമാർ ഫേസ്ബുക്കിൽ ആരെക്കുറിച്ചും എഴുതാൻ പാടില്ല. അതുപോലെ ആരെയും വെല്ലുവിളിക്കാൻ പാടില്ല. ഇങ്ങനെ ഒരു സംഭവമുണ്ടായി എന്നറിഞ്ഞപ്പോൾ തന്നെ അതിനെക്കുറിച്ച് അന്വേഷിക്കാൻ വേണ്ടി ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതൊന്നും പോലീസിന്റെ രീതിയല്ല, ഒരു കാരണവശാലും അംഗീകരിക്കില്ല. പോലീസിനുനേരെ എന്തെല്ലാം പ്രകോപനമുണ്ടായാലും ഫേസ്ബുക്കിലൂടെയും ഫോണിലൂടെ ആണെങ്കിലും തിരിച്ച് പ്രതികരിക്കാൻ പാടില്ല. അക്കാര്യം പരിശോധിക്കുന്നതിനായി ഉയർന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ തീർച്ചയായും അത് പരിശോധിക്കുമെന്നതിൽ ഒരു സംശയവുമില്ല. പോലീസ് സേന അച്ചടക്കമില്ലാതെ മുന്നോട്ടുപോകാൻ സമ്മതിക്കില്ല. അത് ഞങ്ങൾ പരിശോധിക്കും. പക്ഷെ എനിക്ക് നിങ്ങളോട് പറയാനുള്ളത് ഡൽഹിയിൽ നടത്തുന്ന സമരം നമ്മളെല്ലാവരും ഒരുമിച്ച് നടത്തുന്ന

*Adjournment Motion*

സമരമാണ്. ഇവിടെ ആ സമരത്തിൽ അനാവശ്യമായി പോലീസിനെ കല്ലെറിയുകയാണ്. ഇന്നലെ ഒരു കടയിൽ വെറുതെ നിന്ന അടൂർ എം.എൽ.എ.-യുടെ പി.എ.-യെ കാര്യമൊന്നുമില്ലാതെ അടിച്ചു. എന്ത് കാര്യത്തിനാണ് എം.എൽ.എ.-യുടെ പി.എ.-യെ അടിക്കുന്നത്? ശ്രീ. ഗ്യാനേഷ് കുമാറിനെതിരെ സമരം നടത്തുമ്പോൾ അടികിട്ടിയത് ശ്രീ. സി. വി. ശാന്തകുമാറിന്റെ പി.എ.-യ്ക്കാണ്. ഇതെന്ത് ന്യായമാണ്? പാലക്കാട് അനാവശ്യമായി അടിയുണ്ടാക്കുക, ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ വളയുക ഇതൊന്നും ശരിയായ നടപടിയല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ജോയിയോട് എനിക്ക് പറയാനുള്ളത്, ഞങ്ങളാരും സമരത്തിനും പ്രക്ഷോഭങ്ങൾക്കും എതിരല്ല. പക്ഷെ ന്യായവും നീതിപൂർണ്ണവുമായ രീതിയിൽ പ്രവർത്തിക്കാൻ നമുക്കെല്ലാവർക്കും ബാധ്യതയുണ്ട്. ശ്രീ. ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയിൽ നടക്കുന്ന പ്രക്ഷോഭത്തിന്റെ മുന്നിൽ ശ്രീ. രാഹുൽ ഗാന്ധിയാണുള്ളത്. ആ പ്രക്ഷോഭത്തിന് ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെയും പിന്തുണയുണ്ട്. സി.പി.ഐ.(എം.), എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. തുടങ്ങിയ എല്ലാ സംഘടനകളും സമരത്തിലുണ്ട്.

*Adjournment Motion*

ഞങ്ങളോടുള്ള വിരോധം തീർക്കാൻ ഇടയ്ക്ക് പോലീസുകാരെ പ്രകോപിപ്പിച്ച് അടിയുണ്ടാക്കി ആ സമരത്തിന്റെ നല്ല ലക്ഷ്യത്തെ തകർക്കരുതെന്ന് മാത്രം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള അനുമതി നിഷേധിച്ചു)

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ ആഭ്യന്തരമന്ത്രിക്ക് അദ്ദേഹത്തിന്റെ സാധാരണയുള്ള ശൈലിയിൽനിന്ന് വ്യത്യസ്തമായാണ് ഇന്ന് മറുപടി പറയുന്നതായി കണ്ടത്. സാധാരണ അദ്ദേഹം വളരെ വാശിയോടെയും വീറോടെയും കാര്യങ്ങൾ അവതരിപ്പിക്കുന്നതാണ്. പക്ഷെ ഇന്ന് അദ്ദേഹത്തിന്റെ മറുപടി കേൾക്കുമ്പോൾ എന്തോ ഒരു

## *Adjournment Motion*

കുറ്റബോധം അദ്ദേഹത്തിന് തന്നെയുണ്ട് എന്ന് തോന്നുന്നു. .അതിനെ ആത്മവിശ്വാസമെന്നല്ല പറയുന്നത്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ദേഹം പറഞ്ഞതിന്റെ അവസാന ഭാഗത്തുള്ളതാണ്. ശ്രീ. ഗ്യാനേഷ് കുമാറിനെതിരെ സമരം രാജ്യത്തിലെ യുവതയാകെ, ജനാധിപത്യവിശ്വാസികളാകെ ഒരുമിച്ച് നടത്തി. എല്ലാവരും തെരുവിലിറങ്ങുന്ന അവസ്ഥയിലേയ്ക്ക് പോയി. ശ്രീ. ഗ്യാനേഷ് കുമാറിനെതിരെയുള്ള സമരം യൂണിവേഴ്സിറ്റി ഹോസ്റ്റലിലുള്ള വിദ്യാർഥികൾക്ക് നേരെ തിരിച്ചുവിട്ടത് എന്തിനാണെന്നതാണ് ഗൗരവമായ പ്രശ്നം. രാഷ്ട്രീയ നേതൃത്വം എപ്പോഴും പക്വതയുള്ളതായിരിക്കുമല്ലോ? ആ പക്വതയുണ്ടെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ നേതൃത്വം ആലോചിക്കേണ്ട കാര്യമാണ്. ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. ഗ്യാനേഷ് കുമാറിനെതിരെ യൂത്ത് കോൺഗ്രസ് സമരം നടത്തുന്നു. സ്വാഭാവികമായും ഈ സമരത്തിൽ മറ്റുള്ളവർ പങ്കെടുക്കുന്നില്ലെങ്കിലും യൂത്ത് കോൺഗ്രസിന്റെ സ്വന്തം പരിപാടിയായതുകൊണ്ട് ഈ സമരത്തെ എതിർക്കേണ്ട കാര്യം മറ്റുള്ളവർക്ക് വരുന്നില്ല. എന്തിനാണ് യൂണിവേഴ്സിറ്റി ഹോസ്റ്റലിനകത്തേക്ക് പന്തം വലിച്ചെറിയുന്ന അവസ്ഥയുണ്ടായത്; കുപ്പികളും കല്ലുകളും

*Adjournment Motion*

വലിച്ചെറിയുന്ന ഒരു അവസ്ഥയുണ്ടായത്? ആകെ പറയുന്ന ഒരു ന്യായീകരണം; ആ സമയത്ത് കറന്റ് പോയി, കറന്റ് പോകുമ്പോൾ കുട്ടികൾ വെറുതെ ബഹളമുണ്ടാക്കുമല്ലോ, ചിലർ കൂവി. ഹോസ്റ്റലിൽനിന്നും കുട്ടികളുടെ ശബ്ദമുയർന്നു. അത് എങ്ങനെയാണ് യൂത്ത് കോൺഗ്രസിനെതിരെയുള്ള പ്രകോപനമായി മാറുന്നത്; അതിന്റെ പേരിൽ മാത്രം ഹോസ്റ്റലിന്റെ നേരെ എന്തിന് ആക്രമണം നടത്തി? ഒരു കാര്യം ശരിയാണ്, ഈ പന്തം വലിച്ചെറിഞ്ഞതിന്റെ ഭാഗമായി അവിടെ ഫയർഫോഴ്സ് എത്തി തീ അണയ്ക്കേണ്ടിവന്നു, അത്രയും സംഭവങ്ങൾ ഉണ്ടായി. അങ്ങ് അടിയന്തരാവസ്ഥയുടെ നാളുകളൊക്കെ കണ്ട ബഹുമാന്യനായ വ്യക്തിയാണല്ലോ. അടിയന്തരാവസ്ഥയുടെ ഘട്ടത്തിൽ നമ്മുടെ നാട്ടിൽ പോലീസ് സ്വീകരിച്ച ഒരു രീതിയുണ്ടായിരുന്നു. പ്രത്യേകിച്ച്, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് അറിയാവുന്ന കണ്ണൂർ ജില്ലയിൽ കണ്ട കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. പലയിടത്തും സംഭവിച്ച കാര്യങ്ങളാണ്. അക്കാലത്ത് പോലീസ് പിന്നിലും അക്രമികൾ മുന്നിലും സഞ്ചരിക്കും. അക്രമികളുടെ കൈവശം ഒരു ബാഗുണ്ടാകുകയും അതിനകത്ത് കൊടുവാളടക്കമുള്ള മറ്റ് ആയുധങ്ങളുമുണ്ടാകും.

## *Adjournment Motion*

ആരെയാണോ ആക്രമിക്കേണ്ടത് അവരുടെ നേരെ പോയി ആക്രമണം നടത്തും. ചിലർ ആക്രമണത്തെ പ്രതിരോധിക്കാൻ ശ്രമിക്കും. പ്രതിരോധിക്കുന്ന ഈ സമയത്ത് പോലീസ് ചാടിവീഴും. ഈ ഒരു രീതി പണ്ട് ഉണ്ടായിരുന്നു. ഇവിടെ യൂത്ത് കോൺഗ്രസ് ആക്രമണം മാത്രമല്ല ഉണ്ടായത്. യൂത്ത് കോൺഗ്രസ് ആക്രമണം കഴിഞ്ഞതിനുശേഷം അവിടെയുള്ള പോലീസുകാർ ഹോസ്റ്റലിനകത്തേക്ക് കയറുകയാണുണ്ടായത്. അതിന് നേതൃത്വം കൊടുത്ത പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ചാണ് പറഞ്ഞത്. അത് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരാണ്. അവർ ഹോസ്റ്റലിൽ കയറി കുട്ടികളെ ഭീകരമായി മർദ്ദിക്കുകയാണുണ്ടായത്. ഇപ്പോഴത്തെ കാലത്ത് ഒരുകാര്യവും രഹസ്യമല്ല. പോലീസുകാരന്റെ കൈവശമുള്ള ലാത്തി ഒരു കൈ കൊണ്ട് അടിക്കാറുണ്ട്. സാധാരണഗതിയിൽ ഒരു കൈ ഉപയോഗിച്ചുകൊണ്ടുതന്നെ അവർക്ക് അത് പ്രയോഗിക്കാൻ സാധിക്കും. എന്നാൽ രണ്ടുകൈകളിലുമായി ലാത്തി പിടിക്കുന്നതാണ് നാം ദൃശ്യങ്ങളിൽ കാണുന്നത്. ലാത്തിയെന്നുപറയുന്നത് ഉലക്കയല്ലല്ലോ. എന്തിനാണ് രണ്ടുകൈകളും ചേർത്ത് ലാത്തി പിടിക്കുന്നത്? അടിക്കുന്നതിന് നല്ല

*Adjournment Motion*

ഊക്ക് വേണം. ആ അടിയങ്ങനെ.... (ബഹളം....) പൊളളുന്നു.... പൊളളുന്നുണ്ട്.... അവർക്കുനേരെ അത് വല്ലാതെ പൊളളുന്നു. ഞാൻ പറഞ്ഞുവരുന്നത് ശ്രദ്ധിച്ചാൽ മാത്രമെ കാര്യങ്ങൾ മനസ്സിലാകുകയുള്ളൂ. ഈ രണ്ടും കൈയുംകൂടി ഉയർത്തി അടിക്കുകയാണ്. രണ്ടും കൈയുംകൂടി ഉയർത്തി അടിച്ചാൽ തലയ്ക്കാണ് അടി കൊള്ളുന്നത്. ആർക്കെങ്കിലും പരിക്ക് പറ്റിയോ എന്ന് ചോദിച്ചു. അവിടെയുണ്ടായിരുന്ന ആളുകളിൽ വിദ്യാർത്ഥിയായ ശ്രീ. വേണുവിന്റെ തല പൊട്ടി. (ബഹളം....) അവർ പറഞ്ഞുകൊണ്ടിരിക്കും. അത് സാരമില്ല. ചിലരുടെ ശീലമല്ലേ അത്, നമ്മൾ ചിലയിടങ്ങളിൽ ചെല്ലുമ്പോൾ ചില ആളുകൾ ശബ്ദമുണ്ടാക്കുകയില്ലേ, അതുപോലെ കണ്ടാൽ മതിയാകും. അങ്ങനെയുള്ള ശബ്ദത്തെ നമ്മൾ ഭയപ്പെടേണ്ട കാര്യമില്ല. വേണു എന്ന വിദ്യാർത്ഥിയുടെ തല പൊട്ടിയ സംഭവം ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ഇനിയെങ്കിലും അന്വേഷണം നടത്തട്ടെ. അതുപോലെ വൈഷ്ണവി എന്ന കുട്ടിയുടെ കണ്ണിനാണ് പരിക്ക് പറ്റിയത്. അങ്ങ് ചോദിക്കണമല്ലോ....

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഞാൻ wound

certificate അയച്ചുതരാം. ഈ പറയുന്ന ശ്രീ. വേണുവിന്റെ തല പൊട്ടിയിട്ടില്ല. അദ്ദേഹത്തെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തുവെങ്കിലും കുറച്ചുസമയം കഴിഞ്ഞപ്പോൾ ഡിസ്ചാർജ് ചെയ്ത് പോയി. അങ്ങയെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ജോയി പറഞ്ഞുതരുന്ന കള്ളത്തരമാണ്, ഇതൊന്നും വിശ്വസിക്കരുത്.

<u>ശ്രീ. വി. ജോയി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വല്ലാത്ത ഒരു പിരിമുറുക്കത്തിലാണ്. ആവർത്തിച്ചാവർത്തിച്ച് എന്റെ പേരും പറഞ്ഞുകൊണ്ടിരിക്കുകയാണ്. (ബഹളം....) .... ഇതൊരു മന്ത്രിക്ക് യോജിച്ച പണിയല്ല. അങ്ങ് അത് വളരെ സീരിയസായി കാണണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, അത് വിട്ട് കളയൂ. ഗൗരവത്തിലെടുക്കേണ്ട. ഒരു passive comment ആയി എടുത്താൽ മതിയാകും.

<u>ശ്രീ. വി. ജോയി</u>: സർ, വേണു, ശ്രീകുമാർ എന്നീ രണ്ടുപേരുടെയും തല അടിച്ചുപൊട്ടിച്ചതിന്റെ wound certificate ഞാൻ അങ്ങേയ്ക്ക് അയച്ചുതരാം. അങ്ങയുടെ കൈവശമിരിക്കുന്നത് പോലീസുകാർ നൽകിയ

കള്ള സർട്ടിഫിക്കറ്റ് അല്ലേ. അതല്ലേ അങ്ങ് പറയുന്നത്, ഞാൻ അത് അയച്ചുതരാം.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, വേണുവിനെ മാത്രമല്ല, ശ്രീകുമാറിനെയും കുറിച്ച് ഇവിടെ പറഞ്ഞു. അങ്ങ് പരിശോധിച്ചോളൂ. അതുപോലെ വൈഷ്ണവിയുടെ കണ്ണിന് പരിക്ക് പറ്റിയതാണ്, അങ്ങ് കണ്ടതാണ്. അതാണ് അങ്ങ് മനസ്സിലാക്കേണ്ടത്. ഇവിടെ പോലീസുകാരെ ആക്രമിച്ചപ്പോൾ ഈ ആക്രമണത്തെ അപലപിച്ചുകൊണ്ട് ശ്രീ. വി. ജോയി സംസാരിച്ച കാര്യം അദ്ദേഹംതന്നെ വ്യക്തമാക്കുകയുണ്ടായി. അതൊരിക്കലും ഈ പോലീസുകാരെ വധിക്കുമെന്നല്ല, അങ്ങനെയൊരു പരിപാടി ഞങ്ങൾക്ക് ഏതായാലും ഇല്ലെന്ന് അങ്ങേയ്ക്ക് നല്ല നിശ്ചയമുണ്ടല്ലോ. അങ്ങ് ശ്രദ്ധിക്കേണ്ട കാര്യം, അങ്ങ് പറഞ്ഞത് നല്ല കാര്യമാണ്, തലയ്ക്ക് അടിക്കരുതെന്ന് നേരത്തെതന്നെ നിർദേശമുണ്ട്, ഇപ്പോഴും നിർദേശം നൽകിയതാണെന്നും പറയുന്നുണ്ട്. എന്തുകൊണ്ട് തലയ്ക്കടിക്കാൻ തയ്യാറായി; എന്തിനാണ് ഞാൻ പറഞ്ഞ രീതിയിൽ അടിയ്ക്കാൻ പോലീസുകാർ മെനക്കെട്ടത്, അക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതുണ്ടെന്നാണ് തോന്നുന്നത്. ഞാൻ

*Adjournment Motion*

മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ എന്റെ ഗൺമാന്മാരായിരുന്ന ആളുകൾക്കുനേരെ അവരുടെ വീടുകളിലേക്ക് മാർച്ച് നടത്തിയിട്ടില്ലെന്ന് അങ്ങ് പറയുകയുണ്ടായി. എന്റെ കൈവശമുള്ളത് ശ്രീ. വി. ജോയി നൽകിയ കണക്കല്ല, മനോരമ ഓൺലൈനിൽ വന്ന വാർത്തയാണ്. മുഖ്യമന്ത്രിയുടെ ഗൺമാന്റെ വീട്ടിലേയ്ക്ക് യൂത്ത് കോൺഗ്രസ് നൈറ്റ് മാർച്ച് - മനോരമ ലേഖകൻ, ഫോട്ടോയും നൽകിയിട്ടുണ്ട്, മുഖ്യമന്ത്രിയുടെ ഗൺമാൻ അനിൽകുമാറിന്റെ വീട്ടിലേയ്ക്ക് യൂത്ത് കോൺഗ്രസ് കല്ലിയൂർ മണ്ഡലം കമ്മിറ്റി നടത്തിയ നൈറ്റ് മാർച്ചിന്റെ ചിത്രമാണ് ഇത്. (ചിത്രം ഉയർത്തി കാണിച്ചു) ലാത്തിയുടെ കഷ്ണം വാങ്ങിയതുപോലെ ഇതുവേണമെങ്കിൽ അങ്ങേയ്ക്ക് നൽകാം.

<u>മി. സ്പീക്കർ</u>: മേശപ്പുറത്ത് വച്ചതാണെങ്കിൽ തികച്ചും നിയമപരമായി ഞാൻ ചോദിക്കും. അത്രയുമേയുള്ളൂ.

പ്രതിപക്ഷനേതാവ് (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അതിന് ഒരു പ്രയാസവുമില്ല. അനിലിന്റെ വീട്ടിലേക്ക് മാത്രമല്ല, സന്ദീപിന്റെ വീട്ടിലേക്കും അവർ മാർച്ച് നടത്തിയെന്നുള്ളതാണ് വസ്തുത. വിദ്യാർഥികളെ എന്തിനാണ് ഇറക്കുന്നതെന്ന് അങ്ങ് ചോദിക്കുകയുണ്ടായി. ഇന്നത്തെ ഇന്ത്യയിൽ

## *Adjournment Motion*

അങ്ങയെപ്പോലൊരു ആൾ ചോദിക്കേണ്ട ഒരു ചോദ്യമല്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇന്ന് വിദ്യാർത്ഥികളെല്ലാം തെരുവിലാണ്. എല്ലാവരും അതിനെ അനുകൂലിക്കുകയാണ്, കാരണം അത്രയും ഗൗരവമായ ജനാധിപത്യ ധ്വംസനമാണല്ലോ രാജ്യത്ത് നടക്കുന്നത്. സ്വാഭാവികമായും അതിനെതിരെ വലിയ യുവജനരോഷം ഉയർന്നുവരുന്നുവെന്നതാണ് കാണുന്നത്. ആ നിലയ്ക്ക് അതിനെ കാണേണ്ടതായുണ്ട്. അങ്ങും വിദ്യാർത്ഥി പ്രവർത്തകനും യൂത്ത് വിഭാഗത്തിന്റെ പ്രവർത്തകനുമായ ആളാണെന്ന കാര്യം അങ്ങുതന്നെ പറയുകയുണ്ടായി. അങ്ങയുടെ ഭാഗത്തുനിന്നും അത്തരത്തിലൊരു പരാമർശം വരാൻ പാടില്ലെന്നാണ് എനിക്ക് തോന്നിയത്. സെപ്റ്റംബർ 30-ന് രാത്രിയിൽ ഇവിടെ നടന്ന സംഭവം നമ്മുടെ സംസ്ഥാനത്ത് നടക്കാൻ പാടില്ലാത്ത ഒരു കാര്യമായിരുന്നു. യൂത്ത് കോൺഗ്രസ് ആക്രമണവും അതിനെത്തുടർന്നുള്ള പോലീസ് ആക്രമണവും ഒരു കാരണവശാലും നടക്കാൻ പാടില്ലായിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് ഞങ്ങളൊക്കെ അവിടെ പോകേണ്ട അവസ്ഥയുണ്ടായത്. യൂത്ത് കോൺഗ്രസ് നേതാവ് മന്ത്രിയാണെന്ന കാര്യം അങ്ങ് പറയുകയുണ്ടായി, അങ്ങും യൂത്ത് കോൺഗ്രസ് നേതാവായിരിക്കുമ്പോൾ

മന്ത്രിയായതാണ്. യൂത്ത് കോൺഗ്രസ് നേതാവായിരിക്കുമ്പോൾ യൂത്ത് കോൺഗ്രസ് പരിപാടി നടത്തുന്നതിൽ യാതൊരു പ്രശ്നവുമില്ല. അതൊക്കെ സ്വാഭാവികമായും ജനാധിപത്യ സംവിധാനത്തിൽ നടക്കേണ്ടതാണ്. പക്ഷേ, അത്തരമൊരു പരിപാടി അക്രമത്തിലേക്ക് തിരിയുമ്പോൾ അതിൽ മന്ത്രിയുടെകൂടി പങ്കാളിത്തം വരികയല്ലേ, അത് ഭൂഷണമായ കാര്യമല്ല, അത് നമുക്ക് ആർക്കും നല്ല കാര്യമല്ല, അത് ചിന്തിക്കേണ്ടതായിരുന്നു. മന്ത്രിതന്നെ നേതൃത്വം കൊടുത്ത് ആക്രമണത്തിലേക്ക് പോകുന്നത് സംഭവിക്കാൻ പാടില്ലായിരുന്നു. അങ്ങ് ആലോചിക്കേണ്ട കാര്യം, അങ്ങ് എത്രയോ പ്രക്ഷോഭങ്ങൾ കണ്ടയാളാണ്, നടത്തിയ ആളാണ്, അതിന്റെ ഭാഗമായവരാണ്. നമ്മൾ എല്ലാവരും തിരുവനന്തപുരത്ത് പ്രക്ഷോഭം കാണാത്തവരോ പങ്കെടുക്കാത്തവരോ അല്ല. സാധാരണഗതിയിൽ ഏതെങ്കിലും ഒരു പ്രകടനം ആരംഭിക്കുന്നത് യൂണിവേഴ്സിറ്റി ഹോസ്റ്റലിന്റെ മുൻപിൽനിന്നും ആകാറുണ്ടോ; അങ്ങനെ ഏതെങ്കിലും ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാനുണ്ടോ? എന്നാൽ രക്തസാക്ഷി മണ്ഡപത്തിൽനിന്നോ ആശാൻ സ്ക്വയറിൽനിന്നോ പ്രകടനം ആരംഭിച്ച എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മനസ്സിലേക്ക് ഉയർന്നുവരുന്നുണ്ട്. എന്താണ് യൂണിവേഴ്സിറ്റി ഹോസ്റ്റൽ

## *Adjournment Motion*

പോലെയുള്ള ഒരു സ്ഥലം തിരഞ്ഞെടുക്കാൻ കാരണം? അപ്പോൾ അതിൽത്തന്നെ ഒരു പ്രീ പ്ലാൻ ഉണ്ടായിരുന്നോ? അതും പരിശോധിക്കേണ്ട കാര്യമല്ലേ? ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായ ശ്രീ. ഗ്യാനേഷ് കുമാറിനെതിരെ നേരത്തെ തന്നെ എസ്.എഫ്.ഐ. ശക്തമായ സമരരംഗത്താണ്. ജനാധിപത്യപരമായി ചിന്തിക്കുന്ന എല്ലാ വിദ്യാർത്ഥി സംഘടനകളും അണിനിരക്കുന്ന ആ സമരത്തിൽ യൂത്ത് കോൺഗ്രസും ഡി.വൈ.എഫ്.ഐ.-യും കെ.എസ്.യു.-ഉം എസ്.എഫ്.ഐ.-യും ഇക്കാര്യത്തിൽ രണ്ടുചേരിയിൽ അല്ലല്ലോ നിൽക്കേണ്ടത്; ശത്രുതാപരമായിട്ടല്ലല്ലോ നീങ്ങേണ്ടത്; എന്തിനാണ് ഇങ്ങനെയൊരു സംഭവമുണ്ടാക്കിയത്; അത് പരിശോധിക്കാനുള്ള ബാധ്യത അങ്ങേയ്ക്കുമില്ലേ? ഇവിടെ നാം ചിന്തിക്കേണ്ട ഒരു കാര്യം, കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്ത തരത്തിലുള്ള ചില കാര്യങ്ങൾ സംഘ് പരിവാറിന്റെ ഭാഗത്തുനിന്നുണ്ടായി. തിരുവനന്തപുരം ഡി.സി.സി. ഓഫീസിനുനേരെ ആക്രമണമുണ്ടായി, മന്ത്രിമാരെ വഴിയിൽ തടയുന്ന നിലയുമുണ്ടായി. മന്ത്രിയുടെ വാഹനം തടയുക, അദ്ദേഹം ഓട്ടോയിൽ കയറിയപ്പോൾ ഓട്ടോയിൽ സഞ്ചരിക്കാൻ അനുവദിക്കാതിരിക്കുക

*12-10-2026*

## *Adjournment Motion*

ഇങ്ങനെയെല്ലാമുള്ള അങ്ങേയറ്റം അപമാനകരമായ, കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങളുണ്ടായി. അത്തരം കാര്യങ്ങൾക്കെതിരെ കടുത്ത പ്രതിഷേധമോ ശക്തമായ നടപടിയോ ഉണ്ടായില്ല. അക്കാര്യത്തിലെല്ലാം  മിതമായ നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണ്? രാഷ്ട്രീയമായി ശക്തമായ എതിർപ്പ് അതിനെതിരെയുണ്ടായില്ല. പൊലീസിന്റെ നടപടിയിലും വല്ലാത്ത മിതത്വം കാണുന്ന നിലയുണ്ടായി. സംഘ് പരിവാറിനെതിരെ  വലിയ രീതിയിലുള്ള ഇടപെടൽ വേണ്ട എന്ന നിലയിലേയ്ക്ക് നിങ്ങൾ എത്തുന്നുവെന്നല്ലേ ഇത് കാണിക്കുന്നത്? എന്നാൽ എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും മറ്റും നേരെ വ്യാപകമായ ആക്രമണം നടത്തുന്നതായും കാണുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് യാദൃശ്ചികമായി ഉണ്ടായതല്ല, ആസൂത്രിതമാണ്. നേരത്തെ പ്ലാൻ ചെയ്തതാണ്. അങ്ങനെയുള്ള ആസൂത്രിതമായ ആക്രമണത്തിന്റെ ഭാഗമായാണ് കുപ്പിയേറും, തീപ്പന്തവും കല്ലേറുമൊക്കെ ഉണ്ടായിട്ടുള്ളത്. പരിക്ക് പറ്റിയവരെ കൊണ്ടുപോകുന്ന ആംബുലൻസ് തടയുന്ന അവസ്ഥയുണ്ടായെന്ന് നേരത്തെ സൂചിപ്പിച്ചു. എന്തിനാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്;  ജനറൽ ആശുപത്രിയുടെ മുന്നിൽ,

*Adjournment Motion*

അവിടെ ചെല്ലുന്ന രോഗികളെ യൂത്ത് കോൺഗ്രസ്സുകാർ തടഞ്ഞല്ലോ; അന്നത്തെ തിരുവനന്തപുരം നഗരത്തിന്റെ അവസ്ഥ എന്തായിരുന്നു; ഏത് തരത്തിലുള്ള അഴിഞ്ഞാട്ടമാണ് സംഭവിച്ചത്; അതിനെല്ലാം വലിയതോതിൽ പൊലീസ് അണിനിരക്കുകയായിരുന്നല്ലോ. കന്റോൺമെന്റ് സി.ഐ.-ക്കും എസ്.ഐ.-ക്കും ആണ് പ്രധാനമായും ഇതിന്റെ ഉത്തരവാദിത്വം വരുന്നത്. ഇവിടെ ബഹുമാന്യനായ വി. ജോയി സംസാരിച്ചപ്പോൾ, എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറിയുടെ വീട്ടിൽ പോയി നടത്തിയ തോക്കു പ്രദർശിപ്പിക്കൽ, ഭീഷണിപ്പെടുത്തൽ, അങ്ങയുടെ പേരുൾപ്പെടെ പരാമർശിച്ചുകൊണ്ടുള്ള പോസ്റ്റുകൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. എവിടുന്നാണ് അത്തരത്തിൽ അതിരുകവിഞ്ഞ ധൈര്യം ഒരു സാധാരണ പൊലീസ് ഉദ്യോഗസ്ഥന് ലഭിക്കുന്നതെന്ന് അങ്ങ് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അടൂർ കൊടുമണ്ണിൽ ഡി.വൈ.എഫ്.ഐ.-യുടെ ഒരു നൈറ്റ് മാർച്ച് നടന്നപ്പോൾ ആരാണ് പ്രകോപനം സൃഷ്ടിച്ചത്; കോൺഗ്രസ് ആണ് എന്നുപറയുന്ന ഒരാൾ എന്തിനാണ് നൈറ്റ് മാർച്ചിനുനേരെ ആക്രമിക്കാൻ പോയത്? അവിടെയുള്ള പൊലീസുദ്യോഗസ്ഥരൊക്കെ ഈ പറയുന്ന

*Adjournment Motion*

ആളുടെ ചൊൽപ്പടിക്ക് നിൽക്കുകയാണ്. ഇത്തരം ഒരാൾക്ക് പൊലീസുദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയുന്ന എന്ന അവസ്ഥ വരികയാണ്, അത് അങ്ങ് ശ്രദ്ധിക്കണം. അതുപോലെ അടൂർ ആശുപത്രിയിലുണ്ടായിരുന്ന എസ്.എഫ്.ഐ.-ക്കാരെ ആശുപത്രിയിൽ കയറി ആക്രമിക്കുകയാണ്. അദ്ദേഹം പൊലീസ് വാഹനത്തിനകത്ത് കയറി പൊലീസുകാരുടെ മുന്നിലിട്ട് വാഹനത്തിനകത്തുള്ളവരെ ആക്രമിക്കുകയാണ്. എങ്ങനെയാണ് ഇതൊക്കെ കഴിയുന്നത്; എങ്ങോട്ടാണ് നമ്മുടെ നാട് പോകുന്നത്; ഇത് നാം ഗൗരവമായി കാണേണ്ടതല്ലേ? എന്നിട്ട് എസ്.എഫ്.ഐ.-ക്കാരുടെ പേരിൽ വധശ്രമത്തിന് കേസെടുക്കാനാണ് ശ്രമിക്കുന്നത്. ഇത് അങ്ങയെപ്പോലൊരാൾ ഗൗരവത്തോടെ ആലോചിക്കേണ്ട കാര്യമാണ്. ശ്രീ. ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് നടന്ന പ്രക്ഷോഭത്തിൽ മദ്യപിച്ച് ലക്കുകെട്ട ഒരു പൊലീസുകാരൻ, ആ പൊലീസുകാരനെ രക്ഷിക്കുന്നതിനുവേണ്ടി മറ്റ് പോലീസുകാർ ഒരു വാഹനം കൊണ്ടുവന്ന് പെട്ടെന്ന് കയറ്റിക്കൊണ്ടുപോകുകയാണ്. ഇത് അങ്ങ് ഗൗരവത്തോടെ കാണണം.

## *Adjournment Motion*

കോഴിക്കോട് കുറ്റ്യാടിയിൽ ഡി.വൈ.എഫ്.ഐ.-ക്കാരെ തല്ലിച്ചതച്ചുകൊണ്ടാണ് ലോക്കപ്പിൽ അടച്ചത്. ഇതുപോലുള്ള അനേകം സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം നടപടികൾ ഒരു കാരണവശാലും ആവർത്തിക്കാൻ പാടില്ലാത്തതും അങ്ങേയറ്റം പ്രതിഷേധാർഹവുമാണ്. നമ്മൾ ശ്രീ. ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെടുന്നു, SIR-മായി ബന്ധപ്പെട്ട നടപടികളിൽ ഒഴിവാക്കപ്പെട്ടവരുടെ വോട്ടവകാശം പുനഃസ്ഥാപിക്കപ്പെടണം എന്നെല്ലാം ആവശ്യപ്പെടുന്നു. ഇക്കാര്യത്തിലെല്ലാം ഒരു ഏകീകൃത ധാരണയുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ തീർത്തും തെറ്റായ വഴിയിൽ പോകുന്നത് ശരിയല്ല. അത് ഒരു തരത്തിലും നാട് അനുകൂലിക്കില്ല, ജനാധിപത്യത്തിന് ഭൂഷണമല്ല. ഡൽഹിയിൽ നടക്കുന്ന പ്രക്ഷോഭത്തിൽ എങ്ങനെയൊക്കെയാണ് ശ്രീ. നരേന്ദ്രമോദിയുടെയും ശ്രീ. അമിത് ഷായുടെയും നേതൃത്വത്തിലുള്ള ഭരണകൂടം അവിടെയുള്ള പൊലീസിനെ ഇടപെടുത്തുന്നതെന്ന് എന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്. പൊതുപ്രവർത്തകരെയുൾപ്പെടെ വലിയതോതിൽ മർദ്ദിക്കുകയാണ്. രാജ്യസഭാംഗമായ ശ്രീ. ജോൺ ബ്രിട്ടാസിനെ അറിയാത്ത ആളുകളല്ല അവർ. അങ്ങനെയുള്ള ആളുകളെയുൾപ്പെടെ അതിക്രൂരമായി മർദ്ദിക്കുന്ന

അവസ്ഥയാണ് വന്നിട്ടുള്ളത്. അത്തരം ഒരു അവസ്ഥ കേരളത്തിലുണ്ടാക്കാൻ അങ്ങ് ശ്രമിക്കരുത്, അത് ശരിയായ നടപടിയല്ല. തെറ്റായ ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ടും ഇതുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യേണ്ടതില്ല എന്ന സർക്കാരിന്റെ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ടും ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. രാജൻ</u>: സർ, വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി ഇന്ന് സഭയിൽ ഉന്നയിക്കപ്പെട്ടത്. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ വളരെ ബോധപൂർവം മറച്ചുവച്ചതോ വസ്തുതകൾക്ക് വിരുദ്ധമായി പറഞ്ഞതോ ആയ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

*Adjournment Motion*

അന്നത്തെ ദിവസം വൈകുന്നേരം എഴ് മണി മുതൽ രാത്രി പന്ത്രണ്ട് മണി വരെ നീളുന്ന - അങ്ങുപറയുന്ന ഏതു ചാനലും നമുക്ക് പരിശോധിക്കാം, എല്ലാ ചാനലുകളും ഏകപക്ഷീയമായി സർക്കാരിന് എതിരായുള്ള അഭിപ്രായം പറഞ്ഞുവെന്ന് അങ്ങ് കരുതുന്നുണ്ടാവില്ലല്ലോ- ഈ സംഭവം ലൈവായി സംപ്രേഷണം ചെയ്ത ചാനലുകൾ, ലൈവായി റിപ്പോർട്ട് ചെയ്ത ലേഖകന്മാർ അവരെല്ലാം എന്താണ് കേരളീയ സമൂഹത്തോട് പറഞ്ഞുവച്ചതെന്ന് അങ്ങുൾപ്പെടെ എല്ലാവരും കേട്ടതല്ലേ? ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, ഈ പ്രശ്നത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി ധരിച്ചുവച്ചിരിക്കുന്നതും അദ്ദേഹം ഇവിടെ പറഞ്ഞ പ്രസ്താവനകളുമെല്ലാം ശരിയാണെങ്കിൽ, ആ സംഭവം സംപ്രേഷണം ചെയ്ത ചാനലുകളിലെ ലൈവ് റിപ്പോർട്ടുകൾ വച്ചുകൊണ്ട് അങ്ങുൾപ്പെടെ ഈ സഭയിലെ മുതിർന്ന അംഗങ്ങളും പ്രധാനപ്പെട്ട പാർട്ടി നേതാക്കളും ഒരുമിച്ചിരുന്ന് അത് പരിശോധിക്കാൻ തയ്യാറാകുമോ? അന്നത്തെ സംഭവത്തിൽ ഒരു പക്ഷത്തുള്ളവർ മാത്രമാണ് കുറ്റം ചെയ്തതെന്ന്, ചാനലുകളിലെ ദൃശ്യങ്ങളിൽ കാണുന്നുണ്ടെങ്കിൽ അങ്ങ് ഇവിടെ പറഞ്ഞ അഭിപ്രായത്തോടൊപ്പം ഞങ്ങൾ നിൽക്കും. പക്ഷേ അതല്ലല്ലോ

Adjournment Motion

കേരളത്തിലെ ചാനലുകളും പരിണതപ്രജ്ഞരായ റിപ്പോർട്ടർമാരും പറഞ്ഞത്. ഹോസ്റ്റലിനകത്തേയ്ക്ക് പന്തമെറിഞ്ഞ് അവിടെ ഫയർ ഫോഴ്സ് വന്ന് തീ കെടുത്തേണ്ട സ്ഥിതിവിശേഷമുണ്ടായിട്ടും പന്തമെറിഞ്ഞ എത്ര ആളുകൾക്കെതിരെ നടപടിയെടുത്തിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞില്ല. ആ ഹോസ്റ്റലിലുണ്ടായിരുന്ന രാഷ്ട്രീയമില്ലാത്തവർ ഉൾപ്പെടെയുള്ള 75 പേർക്കെതിരെ കേസെടുത്തപ്പോൾ, നാന്നൂറോളം പേർ സംഘടിതമായി വന്ന് പന്തമെറിഞ്ഞിട്ട് അവർക്കാർക്കുമെതിരെ കേസെടുക്കാൻ തയ്യാറായില്ല എന്ന് പറയുന്നത് എത്ര അപഹാസ്യകരമാണ്! കന്റോൺമെന്റ് സി.ഐ.-യെയും എസ്.ഐ.-യെയും കുറിച്ച് അങ്ങ് പറഞ്ഞത് അവർ തമിഴ്നാട്ടിൽ നിന്ന് വന്നവരല്ല, കേരളത്തിൽത്തന്നെ ഉള്ളവരാണ്, നേരത്തെയും പൊലീസ് വകുപ്പിലുള്ളവരാണ് എന്നാണ്. എന്നാൽ, അന്നൊന്നും അവരിങ്ങനെ പരസ്യമായി സാമൂഹ്യമാധ്യമങ്ങളിലൂടെ ജനങ്ങളെ വെല്ലുവിളിക്കാൻ തയ്യാറായിട്ടില്ല. അങ്ങ് ശ്രദ്ധേയമായ നിരവധി പരിപാടികൾ നടത്തുമ്പോഴും രണ്ട് പോലീസുകാർ കേരളത്തിന്റെ ജനാധിപത്യ ജീവിതത്തിൽ വെല്ലുവിളി നടത്തിയാൽ അതിന്റെ അർത്ഥം എന്താണ്? ഞാൻതന്നെ അങ്ങേയ്ക്ക് നൽകിയ ഒരു പരാതിയുണ്ട്.

12-10-2026

## *Adjournment Motion*

കരുനാഗപ്പള്ളി പൊലീസ് സ്റ്റേഷനിൽ, അവിടെ നടന്ന ഒരു കേസുമായി ബന്ധപ്പെട്ട് വിവരമറിയാൻ ചെന്ന എ.ഐ.എസ്.എഫ്. ജില്ലാ സെക്രട്ടറിയെ ആ സ്റ്റേഷനിലെ ഒരു വിഭാഗം പോലീസുകാർ, അകത്തുവച്ച് അടിച്ചാൽ സി.സി.ടി.വി.-യിൽ വരുമെന്ന് കരുതി പുറത്ത് കൊണ്ടുപോയി അതിക്രൂരമായി മർദ്ദിച്ചതും കേരളത്തിലാണ്. 2026 ജൂൺ പതിനഞ്ചാം തീയതി രാവിലെ 11 മണിക്ക് KL-01-BW-6036 എന്ന പൊലീസ് വാഹനം പോട്ട-ഇരിഞ്ഞാലക്കുട പാതയിലെ ആനത്തടം വഴിയിലേക്ക് വലതുവശം തെറ്റായി തിരിഞ്ഞ് ഇലക്ട്രിക് സ്കൂട്ടർ ഓടിക്കാൻ ലൈസൻസുള്ള രണ്ട് കുട്ടികൾ സഞ്ചരിച്ചിരുന്ന വാഹനത്തിലിടിച്ച് ഒരു കുട്ടി മരിച്ചുപോയി. പൊലീസിന്റെ അശ്രദ്ധമായ ഡ്രൈവിങ്ങാണെന്ന് അപകടകാരണമെന്ന് എഫ്.ഐ.ആർ.-ൽ രേഖപ്പെടുത്തിയെങ്കിലും ആ പൊലീസ് ഡ്രൈവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ജൂവിൻ രാജ് എന്നുപറയുന്ന ആ കുഞ്ഞ് മരിച്ചതിനെതിരെ കൊലക്കുറ്റത്തിന് കേസ് എടുക്കണം. അവിടത്തെ എം.എൽ.എ. പറഞ്ഞത് സസ്പെൻഡ് ചെയ്താൽ മതിയെന്നാണ്. ആ കുഞ്ഞിന്റെ കുടുംബത്തോട് ആര് സമാധാനം പറയും? എത്ര ലളിതവൽക്കരിച്ചുകൊണ്ടാണ് സസ്പെൻഡ് ചെയ്താൽ മതിയാകുമെന്ന്

*Adjournment Motion*

സ്ഥലം എം.എൽ.എ. പറയുന്നത്. അലക്ഷ്യമായി വണ്ടിയോടിച്ചുവന്ന് വണ്ടിയിടിച്ച് കൊന്നതാണെന്ന് പൊലീസ് തന്നെ എഫ്.ഐ.ആർ. രേഖപ്പെടുത്തിയ ഒരു കേസിൽ ആ പൊലീസുകാരനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? കേരളത്തിൽ നടക്കുന്ന പൊലീസിന്റെ അതിക്രമങ്ങൾ അതിഭീകരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന വിദ്യാർത്ഥി സമരങ്ങളെയും യുവജന സമരങ്ങളെയും അടിച്ചമർത്തുമ്പോൾ നേരത്തെയും ഇങ്ങനെ ചിലത് ഉണ്ടായിട്ടുണ്ടെന്ന് ന്യായീകരിക്കുന്നത് ഗുണകരമാണോ. ഹോസ്റ്റലിൽ നിന്നാണ് ആദ്യം പ്രശ്നമുണ്ടായതെങ്കിൽ എന്തുകൊണ്ട് അപ്പോൾത്തന്നെ പൊലീസ് നടപടിയെടുത്തില്ല? കുറ്റക്കാർ അകത്തുണ്ടെങ്കിൽ അവരെ ആദ്യം അറസ്റ്റ് ചെയ്യാതെ, ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലുള്ള 400 പേർ സമരം കഴിഞ്ഞ് തിരിച്ച് വന്ന് ഇവിടെ ആക്രമണം നടത്തുംവരെ പൊലീസ് കൈയും കെട്ടിനിൽക്കുന്ന അവസ്ഥ ഈ നാട്ടിൽ കണ്ടതല്ലേ? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് എല്ലാ ബഹുമാനത്തോടും പറയട്ടെ. കേരളത്തിൽ കലാപമുണ്ടാക്കാൻ ശ്രമിക്കുന്നത് ഞങ്ങളല്ല. ചിറയിൻകീഴ് എം.എൽ.എ.-യെ തല്ലിയത് നമ്മൾ കണ്ടു. കെ.പി.സി.സി.

## *Adjournment Motion*

കൂടി കേസ് പിൻവലിച്ചാൽ ആ എം.എൽ.എ.-യ്ക്ക് കിട്ടിയ മർദനം മാറുമോ? ഭരണത്തിലേറി ആറ് മാസക്കാലം പോലും കഴിയുന്നതിനുമുമ്പ് മനഃപൂർവമായ കലാപമുണ്ടാക്കി നിയമസഭയിലെ പെണ്ണുങ്ങളായ ഒരു എം.എൽ.എ.-യെ തല്ലിയവർ ഈ കേരളത്തിലുണ്ടെന്ന് അങ്ങ് ഓർക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. പൊലീസിന്റെ ഏകപക്ഷീയമായ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>മി.സ്പീക്കർ</u>: വളരെ ചുരുക്കി സംസാരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

<u>ശ്രീ. പി. കെ. പ്രവീൺ</u>: സർ, ഏറ്റവും അടിയന്തരമായ ഒരു വിഷയമാണ് ഇവിടെ ചർച്ചയ്ക്കായി കൊണ്ടുവന്നത്. ആ വിഷയം ചർച്ച ചെയ്യാതെ വളരെയധികം ലാഘവത്തോടെയാണ് കാണുന്നത്. ഞങ്ങൾ ഭരണത്തിൽ വന്നപ്പോൾ ആരെയും തലയ്ക്കടിക്കരുതെന്ന് പൊലീസുകാർക്ക് നിർദേശം കൊടുത്തിരുന്നുവെന്ന് നേരത്തെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചിരുന്നു. ആഭ്യന്തര വകുപ്പിന്റെ ആ

## *Adjournment Motion*

നിർദേശത്തെ എതിർത്തുകൊണ്ട് പൊലീസുകാർ ഇത്തരം നടപടിയിലേക്ക് വന്നിട്ടുണ്ടെങ്കിൽ, ഏതോ രീതിയിലുള്ള പ്രവർത്തനങ്ങൾ ഇതിനെതിരെ നടക്കുന്നുണ്ട് എന്ന വാദമാണ് ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയത്. അടികൊണ്ട യുവജനങ്ങളെ ആംബുലൻസിൽ കൊണ്ടുപോകുമ്പോൾ യൂത്ത് കോൺഗ്രസുകാർ അത് തടഞ്ഞുനിർത്തി. ആംബുലൻസിലുണ്ടായിരുന്നവർക്ക് എന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ ഈ നാടിന്റെ സ്ഥിതി എന്താകുമായിരുന്നു? ഇത്രയും ഗൗരവതരമായ വിഷയത്തിൽ ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)

ബഹു. വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ലാത്തി എന്നുപറയപ്പെടുന്ന ഒരു ഒബ്ജക്ട് ഇവിടെ കൊണ്ടുവന്നു. അങ്ങ് പറഞ്ഞത് അത് സഭയുടെ കസ്റ്റഡിയിലാണ്

പരിശോധിക്കും എന്നാണ്. ഇത്തരം ഒബ്ജക്ട്സ് സഭയിൽ കൊണ്ടുവന്നുകൂടായെന്ന് വ്യക്തമായ റൂളിങ് ഉള്ളതാണ്. ആ റൂളിങ് എങ്ങനെ ലംഘിച്ചു എന്നുള്ളത് പരിശോധിക്കണം, അങ്ങ് ഇക്കാര്യത്തിൽ റൂളിങ് നൽകേണ്ടതാണ്.

മി.സ്പീക്കർ: റൂളിങ് സബ്സിക്വന്റായി വരും. അങ്ങ് പറഞ്ഞ കാര്യം വളരെ കൃത്യമാണ്. മാരകായുധങ്ങളൊന്നും ഈ സഭയിൽ കൊണ്ടുവരരുത് എന്ന ഒരു പ്രൊവിഷൻ നമ്മുടെ റൂൾ ബുക്കിനകത്ത് കൃത്യമായിട്ടുണ്ട്. പക്ഷെ അത് ഏത് രൂപത്തിൽ എന്നുള്ളത് ഈ ചെയർ പരിശോധിക്കട്ടെ; അതിനുവേണ്ടിയാണ് ചെയർ അത് വാങ്ങിയത്. അത് പരിശോധിച്ചതിനുശേഷം നാളെ റൂളിങ് നൽകുന്നതാണ്.